# THE SUNDAY SCHOOL

Vol. 4 • No. 1 • January - March 2018

*രക്ഷാധികാരി*
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ**

*പ്രസിഡന്റ്*
**ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**

*ചീഫ് എഡിറ്റർ*
**ഫാ. ഡോ. റെജി മാത്യു**

*പബ്ലിക്കേഷൻ ഓഫീസർ*
**പ്രൊഫ. ഡോ. ചെറിയാൻ തോമസ്**

*മാനേജിംഗ് എഡിറ്റർ*
**പ്രൊഫ. കെ. വി. ജോർജ്**

*എക്സിക്യൂട്ടീവ് എഡിറ്റർ*
**ജോസഫ് അലക്സാണ്ടർ**

*എഡിറ്റോറിയൽ ബോർഡ്*
**ഫാ. ഡോ. ബിജേഷ് ഫിലിപ്പ്**
**സന്തോഷ് ബേബി എ. കെ.**
**ഡോ. ഐപ്പ് വറുഗീസ്**
**പ്രൊഫ. ജോസ് വി. കോശി**
**ഡോ. വർഗീസ് പുന്നൂസ്**
**വർഗീസ് ജോൺ തോട്ടപ്പുഴ**


*കേന്ദ്ര ഓഫീസ്*
**ദേവലോകം**
**കോട്ടയം–686 004**
**✆ 0481 2572890**
thesundayschoolossae@gmail.com

**An OSSAE Publication**

Printed at Alois Graphics
Kottayam-1, Tel: 0481 2569847
aloisgraphics@gmail.com

## താളുകൾ മറിക്കുമ്പോൾ

- എഡിറ്റോറിയൽ
  **ഫാ. ഡോ. റജി മാത്യു**
- ആദ്ധ്യക്ഷം
  **ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ**
- എത്യോപ്യയിലെ ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയം
  **ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ**
- ശിരഹസ്യം നിറയും ഹാശാവെള്ളി
  **ഡോ. ജോൺ ഡി. കുന്നത്ത്**
- Mar Dionysius VI, the Man
  **Late Fr. Dr. V. C. Samuel**
- സംഗീതം ദൈവത്തിന്റെ വരദാനം
  **ഫാ. ഡോ. വർഗീസ് പി. വർഗീസ് പാമ്പാക്കുട**
- Our Alumni
  **ഫാ. പോൾ പി. തോമസ്**
- സൺഡേസ്കൂൾ മതബോധനം – ചില തിരുത്തലുകൾ അനിവാര്യം
  **ഫാ. ഡോ. തോംസൺ റോബി**
- Question Bank
- സൺഡേസ്കൂൾ വാർത്തകൾ
- പിന്നാമ്പുറം



# എഡിറ്റോറിയൽ

പ്രിയ സ്നേഹിതരെ,

വൈജ്ഞാനിക മേഖല മുമ്പെന്നത്തെക്കാളുമുപരി പുതിയ സാധ്യതകളുമായി മുന്നേറുകയാണ്. പണ്ട് എഴുത്തും വായനയും അറിയാത്ത കുട്ടികളാണ് നിരക്ഷരരായി (illiterate) കരുതപ്പെട്ടിരുന്നത്. ഇന്ന് ഇന്റർനെറ്റും സാമൂഹിക മാധ്യമങ്ങളും ഉപയോഗിക്കാനറിയാത്തവരെയാണ് അറിവില്ലാത്തവരായി കരുതുന്നത്. ഇന്ത്യയെപ്പോലെയുള്ള ഒരു രാജ്യത്തിൽ ഏറ്റവും വലിയ വെല്ലുവിളിയായി കരുതുന്നതും ഡിജിറ്റൽ മേഖലയിലെ നിമ്നോന്നതികളാണ് (digital divide). ഇന്നത്തെ സമൂഹത്തിലെ കുറ്റകൃത്യങ്ങളുടെ സ്വഭാവവും കുടുംബപശ്ചാത്തലത്തിലും സാമൂഹികമേഖലയിലുമുള്ള മൂല്യച്യുതിയും കാണുമ്പോൾ മാതാപിതാക്കൾ പകച്ചുനിൽക്കുകയാണ്. കമ്പ്യൂട്ടറും മൊബൈൽഫോണും കുട്ടികൾക്കെത്രമാത്രം ഉപയോഗയോഗ്യമാക്കാം? ഇവ രണ്ടും നിരോധിക്കുന്നതല്ലേ മൂല്യതകർച്ചയെ നേരിടാൻ എളുപ്പമാർഗ്ഗം? ഇമ്മാതിരി ചോദ്യങ്ങൾ അവരെ വളരെയധികം വിമ്മിഷ്ടപ്പെടുത്തുന്നു. കുട്ടികൾക്കാണെങ്കിൽ ഇവ രണ്ടും ഉപയോഗിക്കാനാവാത്ത അവസ്ഥ, വലിയ മാനസിക വ്യഥതന്നെ ഉളവാക്കുന്നു. അവരുടേതായ ലോകത്തിൽ ഇത്തരം കുട്ടികൾ ഒറ്റപ്പെടുന്ന അവസ്ഥ വിപരീതഫലമുളവാക്കുകയും ചെയ്യും. ഈ ഘട്ടത്തിലാണ് സൺഡേസ്കൂൾ വിദ്യാഭ്യാസം കുട്ടികളെ സഹായിക്കാനുതകുന്ന പദ്ധതികൾ ആവിഷ്കരിക്കേണ്ടത്. അർത്ഥവത്തായ ഡിജിറ്റൽ ഉപയോഗം എങ്ങനെയായിരിക്കണമെന്ന് കുട്ടികളെ പഠിപ്പിക്കേണ്ടതായിട്ടുണ്ട്. കുട്ടികളോടൊപ്പം അവരുടെ മാതാപിതാക്കളും ഈ മേഖലയിലെ സാധ്യതകളെയും അപകടങ്ങളെയും സംബന്ധിച്ച് ബോധവാന്മാരാകേണ്ടതുണ്ട്. കമ്പ്യൂട്ടറും മൊബൈൽഫോണും ഉപയോഗിക്കുമ്പോൾതന്നെ അർത്ഥവത്തായ ആത്മീയത എങ്ങനെ പ്രാവർത്തികമാക്കാം എന്നതും ചർച്ച ചെയ്യപ്പെടേണ്ടതായിട്ടുണ്ട്. സൺഡേസ്കൂൾ അധ്യാപകരാകട്ടെ, പാഠഭാഗങ്ങൾ ആധുനികരീതിയിൽ പഠിപ്പിക്കുവാനുള്ള പരിശീലനം നേടിയെടുക്കേണ്ടതും ആവശ്യമാണ്. ജ്ഞാനിയായ ശലോമോൻ ദൈവത്തോടു പ്രാർത്ഥിച്ചതുപോലെ "നന്മതിന്മകളെ തിരിച്ചറിയുവാനുള്ള ജ്ഞാന"മാണ് നമ്മുടെ കുട്ടികൾ ആർജ്ജിച്ചെടുക്കേണ്ടത്. അതിന് കൂട്ടായ ചർച്ചകളും, പ്രാർത്ഥനാപൂർവ്വമായ ഇടപെടലുകളും നടത്തേണ്ടിവരും.

ഇക്കഴിഞ്ഞ മൂന്നുവർഷക്കാലമായി സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ ഡയറക്ടർ ജനറലായി സേവനമനുഷ്ഠിക്കുവാൻ ലഭിച്ചയവസരം ദൈവത്തിന്റെ വലിയൊരു അനുഗ്രഹമായി ഞാൻ കരുതുകയാണ്. കഴിഞ്ഞ രണ്ടു പതിറ്റാണ്ടുകളായി കേരളത്തിനു പുറത്തും കേരളത്തിനകത്തുമുള്ള സൺഡേസ്കൂൾ പ്രവർത്തനങ്ങളിൽ അല്പമൊക്കെ പ്രവർത്തിക്കുവാൻ സാധിച്ചത് ദൈവത്തിന്റെ മഹാകരുണയാലും സഹപ്രവർത്തകരുടെ പ്രോത്സാഹജനകമായ പിന്തുണയും കൊണ്ടു മാത്രമാണ്. പാഠ്യപദ്ധതി പരിഷ്കരണത്തിലും, ഒ.വി.ബി.എസ്. പഠനപദ്ധതിയുടെ നൂതനാവിഷ്കാരത്തിലും ഒരു ഭാഗമായിത്തീരുവാൻ സാധിച്ചതിൽ അനല്പമായ കൃതാർത്ഥതയാണുള്ളത്. പ്രസ്ഥാനത്തിന്റെ മുൻ പ്രസിഡന്റ് അഭി. ഐറേനിയസ് തിരുമേനിയോടും ഇപ്പോഴത്തെ പ്രസിഡന്റ് ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്തായോടും, കേന്ദ്ര ഭാരവാഹികളോടും ഭദ്രാസന ഡയറക്ടറന്മാരോടും വളരെയധികം കടപ്പെട്ടിരിക്കുന്നു. ഏറ്റവുമധികം നന്ദിയർപ്പിക്കാനുള്ളത് വിമർശനബുദ്ധ്യാ സൺഡേസ്കൂൾ പ്രവർത്തനങ്ങളെ വിലയിരുത്തിയ അധ്യാപക സമൂഹത്തോടും മാതാപിതാക്കളോടുമാണ്. മലങ്കര സഭയുടെ വളർച്ചയിൽ സൺഡേസ്കൂൾ പ്രസ്ഥാനമാണ് ഏറ്റവുമധികം സംഭാവന നൽകുവാൻ പോകുന്നത്. ദിശാബോധം നഷ്ടപ്പെടാതെ പ്രവർത്തിക്കുവാൻ ഏവർക്കും ദൈവകരുണ ലഭിക്കട്ടെ.

പ്രാർത്ഥനാപൂർവ്വം,

**റജി മാത്യൂസച്ചൻ**

ആദ്ധ്യക്ഷ്യം



# നിലയും നമസ്കാരവും ആരാധനയിൽ

(കഴിഞ്ഞ ലക്കത്തിന്റെ തുടർച്ച)

ഡോ. ഗബ്രിയേൽ മാർ ഗ്രീഗോറിയോസ്

## 2. നമസ്കാരം

നമസ്കാരം എന്നാൽ നമിക്കൽ എന്നർത്ഥം. നമസ്കാരം രണ്ടുവിധമുണ്ട്. ഒന്ന്, നടുവ് വളച്ച് തലകുനിച്ച് നമിക്കുക. രണ്ട്, കുമ്പിട്ട് സാഷ്ടാംഗം നമിക്കുക. നമസ്കാരം എന്ന പദത്തിന് പ്രണാമം എന്നും പര്യായമുണ്ട്. പ്രണാമം എന്നാൽ പ്രകർഷേണയുള്ള (ഉചിതമായ) നമിക്കൽ എന്നർത്ഥം. പ്രാർത്ഥന എന്നാൽ പ്രകർഷേണയുള്ള (ഉചിതമായ) അർത്ഥന. പ്രാർത്ഥന എന്ന പദത്തിൽ വാക്കിനാണ് പ്രാധാന്യം. നമസ്കാരം (പ്രണാമം) എന്ന പദത്തിൽ ശാരീരിക പങ്കാളിത്തത്തിന് ഊന്നൽ നൽകിയിരിക്കുന്നു. പ്രാർത്ഥനയും പ്രണാമവും സമഞ്ജസമായി ചേർന്നുവരുന്നത് നമസ്കാരം. അതോടൊപ്പം ആരാധകന്റെ ആന്തരികഭാവവുംകൂടി നമസ്കാരത്തിൽ ഉൾച്ചേർന്നുവരുന്നു. ഇക്കാരണത്താൽ യാമപ്രാർത്ഥനകൾ എന്നതിനേക്കാൾ യാമനമസ്കാരങ്ങൾ എന്ന പ്രയോഗം കൂടുതൽ അർത്ഥവത്തായിത്തീരുന്നു.

### 2.i. അഭിവാദ്യവും പ്രണാമവും

ദൈവമേ നീ പരിശുദ്ധനാകുന്നു... എന്ന് അഭിവാദ്യം ചെയ്ത് ദൈവത്തോട് പ്രാർത്ഥിക്കുമ്പോൾ തീർച്ചയായും നാം നമ്മുടെ ശരീരം പൂർണ്ണമായോ (സാഷ്ടാംഗ പ്രണാമം) ഭാഗീഗമായോ (നടുവ് വളച്ച് തലകുനിച്ച്) നമിക്കുന്നു. ശരീരം വണക്കാതെ വാക്കുകൊണ്ട് മാത്രമുള്ള അഭിവാദ്യം അപൂർണ്ണമാണെന്ന് നാം തിരിച്ചറിയുന്നുണ്ടല്ലോ. 'ദൈവമേ, നിന്റെ മുമ്പിൽ ഞാൻ എന്നെത്തന്നെ അർപ്പിക്കുന്നു' എന്ന ഭാവം നിറഞ്ഞുനിന്നുകൊണ്ട് പ്രാർത്ഥിക്കുമ്പോൾ അതിനനുസരണമായി ശരീരവും പ്രതികരിക്കുകതന്നെ ചെയ്യും.

### 2.ii. അഭിവാദ്യവും പ്രത്യഭിവാദ്യവും

നമസ്കാരം, നമസ്തേ എന്നീ പദങ്ങൾ മനുഷ്യർ തമ്മിലുള്ള അഭിവാദ്യ-പ്രത്യഭിവാദ്യത്തിന് ഉപയോഗിക്കുന്ന പദങ്ങൾ അത്രെ. "ഞാൻ നിന്നെ നമിക്കുന്നു" എന്നാണ് നമസ്തേ എന്ന പദത്തിനർത്ഥം. ദൈവത്തെ നമിക്കുന്ന ദൈവമക്കൾ അന്യോന്യവും നമിക്കുന്നു. ദൈവത്തിനു രൂപമില്ല. ബാഹ്യേന്ദ്രിയങ്ങൾകൊണ്ട് ദൈവത്തെ അറിയാനാവില്ല. ഇന്ദ്രിയഗോചരനല്ല ദൈവം. കാണാനാവാത്ത ദൈവത്തിന് കാണുന്ന ഒരു രൂപമുണ്ടെങ്കിൽ അതു മനുഷ്യനത്രെ. മനുഷ്യൻ ദൈവത്തിന്റെ സ്വരൂപവും സാദൃശ്യവുമാകുന്നു (ഉല്പ. 1:26-27). എന്നാൽ മനുഷ്യൻ ദൈവമല്ല. ദൈവ സ്വരൂപത്തിലും സാദൃശ്യത്തിലും ദൈവംതന്നെ മെനഞ്ഞുണ്ടാക്കിയ ദൈവത്തിന്റെ സൃഷ്ടിയാകുന്നു മനുഷ്യൻ. ദൈവമുമ്പാകെ തലകുനിച്ച് വണങ്ങി നിൽക്കുന്ന ആരാധകർ പരസ്പരം വണങ്ങിയും ആശ്ലേഷിച്ചും കൈ കൊണ്ടും കൊടുത്തും സമാധാനം ആശംസിക്കുന്നു. 'ഞാൻ നിന്നെ ദൈവസ്വരൂപമായി, ദൈവ പൈതലായി കാണുന്നു, സ്വീകരിക്കുന്നു, സ്നേഹിക്കുന്നു' എന്നാണീ കർമ്മത്തിനർത്ഥം. വി. കുർബ്ബാനയിൽ സമാധാന പ്രാർത്ഥനയുടെ സന്ദർഭത്തിൽ മാത്രമല്ല മറ്റ് സാധാരണാവസരങ്ങളിലും വിശ്വാസികൾ അന്യോന്യം ഈ നിലയിൽ സമാധാനാഭിവാദ്യം നടത്തുന്നു. പാശ്ചാത്യർ 'ഷേക്ക് ഹാന്റ്' എന്നുപറയുമ്പോൾ 'ഹസ്തദാനം' എന്നാണ് നമ്മുടെ സംസ്കാരത്തിൽ, ഭാരതീയമായാലും ക്രിസ്തീയമായാലും പറയുക. ദൈവാഭിമുഖമായുള്ള വണക്കത്തിന് സാഹോദര്യപരവും സാമൂഹ്യവുമായ ഒരു മാനവും കൈവരുന്നു എന്നും മതാനുഷ്ഠാനങ്ങൾ സംസ്കാരത്തെ കരുപ്പിടിപ്പിക്കുന്ന മൂശയായിത്തീരുന്നുവെന്നും ഇതിൽനിന്ന് നാം പഠിക്കുന്നു.

**2.iii. അഭിവാദ്യവും അനുവാദവും**

വി. കുർബ്ബാനയിൽ കാർമ്മികൻ മേൽസ്ഥാനികളെയും സമസ്ഥാനികളെയും കീഴ്സ്ഥാനികളെയും വിശ്വാസി സമൂഹത്തെയും യഥോചിതം നമിച്ചും ഹസ്തദാനം നൽകിയും കൈകൾ മലർത്തി പ്രാർത്ഥന ആവശ്യപ്പെട്ടും അനുവാദം ചോദിച്ചും ആരാധനയുടെ വിവിധ ഘട്ടങ്ങളിലേക്ക് പ്രവേശിക്കുന്നു. ആരാധക സമൂഹം ഇതിനോട് പ്രത്യഭിവദിച്ചും പ്രതിവചിച്ചും പ്രതിസ്പന്ദിക്കുകയും ചെയ്യുന്നു. പ്രധാനമായും മൂന്നു സന്ദർഭങ്ങളിൽ ഈ അനുഷ്ഠാനം വി. കുർബ്ബാനയിൽ നടക്കുന്നു. ഒന്ന്, വി. കുർബ്ബാന പരസ്യമായി ആരംഭിക്കുന്നതിനുമുമ്പ് ഒരുക്ക പ്രാർത്ഥനയ്ക്കായി കാർമ്മികൻ വി. മദ്ബഹായിലേക്ക് പ്രവേശിക്കുമ്പോൾ. രണ്ട്, വി. കുർബ്ബാനയുടെ അനാഫോറാ ഭാഗം ആരംഭിക്കുന്നതിന്റെ ഒരുക്കമായി വിശുദ്ധ സിംഹാസനത്തിൽ (ബലിപീഠത്തിൻ) മുമ്പാകെ മുട്ടുകുത്തി പ്രാർത്ഥിക്കുന്നതിനു മുമ്പായി. മൂന്ന്, വി. കുർബ്ബാന എടുത്ത് ആഘോഷത്തോടെ പടിഞ്ഞാറോട്ടു വന്ന് വിശ്വാസികൾക്ക് നൽകുന്നതിന് മുമ്പായി കൂടാതെ ധൂപകലശം എടുക്കുന്ന ശുശ്രൂഷകൻ തിരുശരീരരക്തങ്ങൾ വിശ്വാസികൾക്ക് പകർന്ന് നൽകുന്നതിൽ കാർമ്മികനെ സഹായിക്കുന്നതിനുള്ള ഒരുക്കത്തിന്റെ ഭാഗമായി ഇതേ അനുഷ്ഠാനം പൂർത്തീകരിക്കുന്നു. മുൻപറഞ്ഞ സന്ദർഭങ്ങളിലെല്ലാം നടുവ് വളച്ച് തല വണക്കിക്കൊണ്ടുള്ള പ്രണാമങ്ങൾ ആവർത്തിക്കുന്നു.

**2.iV. അനുഗ്രഹാശിസ്സുകൾ**

വി. കുർബ്ബാനയിൽ കാർമ്മികൻ മൂന്നു പ്രാവശ്യം പടിഞ്ഞാറോട്ടു തിരിഞ്ഞ് മൂന്നു പ്രാവശ്യം വീതം കുരിശു വരച്ച് ആരാധകരെ അനുഗ്രഹിക്കുന്നു. ഒന്ന്, പിതാവാം ദൈവത്തിന്റെ സ്നേഹവും... എന്നു തുടങ്ങുന്ന അനുഗ്രഹാശംസ. രണ്ട്, വലിയവനും നമ്മുടെ രക്ഷിതാവുമായ... എന്നു തുടങ്ങുന്നു. മൂന്ന്, പരിശുദ്ധവും മഹനീയവും... എന്നു തുടങ്ങുന്നു. ഇവ കൂടാതെ 9 പ്രാവശ്യം "നിങ്ങൾക്കെല്ലാവർക്കും സമാധാനം ഉണ്ടാകട്ടെ" എന്ന് ആശംസിച്ച് അനുഗ്രഹിക്കുന്നു. ഇവയിൽ അഞ്ചു പ്രാവശ്യം അനാഫോറാ ഭാഗത്തും രണ്ടു പ്രാവശ്യം വി. സുവിശേഷ വായനയിലും രണ്ടു പ്രാവശ്യം സമാപനാശംസയിലും ആകുന്നു. ഈ സന്ദർഭങ്ങളിലെല്ലാംതന്നെ ആരാധക സമൂഹം ശിരസ്സ് നമിച്ചും യഥോചിതം കുരിശു വരച്ചും പ്രതിവാക്യം ചൊല്ലിയും ആരാധന അനുഭവമാക്കുന്നു.

**2.V. ശിരസ്സു നമിക്കൽ**

വി. കുർബ്ബാനയിൽ അനാഫോറാ സന്ദർഭം മൂന്നു പ്രാവശ്യം ശിരസ്സ് നമിക്കൽ എന്ന പ്രത്യേക അനുഷ്ഠാനം തന്നെ കാണുന്നു. ഒന്ന്, തുടക്കത്തിൽ സമാധാനദാനത്തിനുശേഷം. രണ്ട്, വി. കുർബ്ബാനാനുഭവത്തിനുള്ള ഒരുക്ക സന്ദർഭം. മൂന്ന്, വിശുദ്ധ കുർബ്ബാനാനുഭവത്തിനുശേഷം. ഇവ കൂടാതെ കുരിശു വരയ്ക്കുന്ന എല്ലാ സന്ദർഭങ്ങളിലും ശിരസ്സ് നമിച്ച് തന്നെയാണല്ലോ അത് നിർവ്വഹിക്കുന്നത്. ഒപ്പം, ശിരസ്സ് നമിക്കലെല്ലാം നടുവു വളച്ച് ശിരസ്സ് നമിക്കലാണെന്നും നാം പ്രത്യേകം സ്വയം ഓർമ്മിപ്പിക്കാം.

ഇങ്ങനെവരുമ്പോൾ ആരാധന, പ്രത്യേകിച്ചും വി. കുർബ്ബാന ആദ്യന്തം പ്രണാമങ്ങൾകൊണ്ട് നിറഞ്ഞിരിക്കുന്നുവെന്നു കാണാം. ഓരോ സന്ദർഭത്തിന്റെയും പ്രാധാന്യം ഉൾക്കൊണ്ട് ദൈവസാന്നിധ്യബോധത്തിൽ നിർവ്വഹിക്കുന്ന ഈദൃശ ചെറിയ ചെറിയ അനുഷ്ഠാനങ്ങൾ വലിയ ആധ്യാത്മികാനുഭവങ്ങളിലേക്ക് നമ്മെ വഴിനയിക്കും.


**ഉപസംഹാരം**

ആരാധനയിൽ വാക്കുകൾകൊണ്ടുള്ള ഭാഷയോടൊപ്പം ശരീര ഭാഷയ്ക്കും വളരെ പ്രാധാന്യമുണ്ട്. ആരാധനാ സംവിധാനംതന്നെ ഇവ രണ്ടും ചേർത്തിണക്കിക്കൊണ്ടുള്ളതത്രെ. വാക്കുകൾ ബോധതലത്തെ സ്വാധീനിക്കുമ്പോൾ ശാരീരിക ചലനങ്ങളും കർമ്മാനുഷ്ഠാനങ്ങളും ദൈവജനം മുഴുവനും ചേർന്ന് താളലയ സമന്വിതമായി നടത്തുന്ന സംഗീതാലാപനവും ബോധേതര തലങ്ങളെ അടിസ്ഥാനപരമായി സ്വാധീനിക്കുകയും ആളത്വത്തെ സമഗ്രമായി രൂപാന്തരപ്പെടുത്തുകയും ചെയ്യുന്നു. നമ്മുടെ സൺഡേസ്കൂൾ സഭയ്ക്ക് നൽകേണ്ട ഏറ്റവും വലിയ സംഭാവന ഈ ആഴമായ ആധ്യാത്മികാനുഭവത്തിലേക്ക് ഇളം തലമുറയെ ഉപനയിക്കുക എന്നത്രെ.

●

മുഖചിത്രലേഖനം

# എത്യോപ്യയിലെ ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയം



ഡോ. യൂഹാനോൻ മാർ ദീയസ്കോറോസ് മെത്രാപ്പോലീത്താ

ആഫ്രിക്കയുടെ വടക്ക്-കിഴക്കൻ മുനമ്പിൽ സ്ഥിതിചെയ്യുന്നതും പതിമൂന്ന് മാസത്തെ സൂര്യപ്രകാശമുള്ളതുമായ രാജ്യമാണ് എത്യോപ്യ. മുപ്പത് ദിവസങ്ങളുള്ള പന്ത്രണ്ട് മാസങ്ങളും ഏഴ് ദിവസങ്ങൾ മാത്രമുള്ള പതിമൂന്നാമത്തെ മാസവും എത്യോപ്യൻ പഞ്ചാംഗത്തിലുള്ളതിനാലാണ് പതിമൂന്ന് മാസത്തെ സൂര്യപ്രകാശം എന്നു പറയുന്നത്. എത്യോപ്യയിലെ പ്രധാന മതം ക്രൈസ്തവ മതവും പ്രധാന സഭ ഓർത്തഡോക്സ് തെവാഹിതൊ സഭയുമാണ്. ഓറിയന്റൽ ഓർത്തഡോക്സ് സഭകളുടെ കൂട്ടത്തിൽ അംഗബലത്തിൽ ഒന്നാം സ്ഥാനം എത്യോപ്യൻ ഓർത്തഡോക്സ് തെവാഹിതൊ സഭയ്ക്കാണ്.

എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ആരംഭവുമായി ബന്ധപ്പെട്ട് പരിശുദ്ധ മത്തായി ശ്ലീഹായുടെയും അപ്പോസ്തോല പ്രവൃത്തികൾ എട്ടാം അദ്ധ്യായത്തിൽ പരാമർശമുള്ള എത്യോപ്യൻ ഷണ്ഡന്റെയും പേരുകൾ പറയാറുണ്ടെങ്കിലും നാലാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന ആബൂനാ സലാമ കെസാത്തെ ബിർഹാൻ എന്ന കോപ്റ്റിക് ബിഷപ്പിനാണ് ചരിത്രത്തിൽ കൂടുതൽ പ്രാധാന്യം നൽകിയിരിക്കുന്നത്. ഈജിപ്റ്റുകാരനായ ഫ്രൂമെൻഷിയോസ് എന്ന ആളിനെ അലക്സാന്ത്രിയായിലെ പാത്രിയർക്കീസായിരുന്ന മാർ അത്താനാസിയോസ് പിതാവ്, ആബൂനാ സലാമ കെസാത്ത ബിർഹാൻ എന്ന പേരിൽ എപ്പിസ്കോപ്പയായി അഭിഷേകം ചെയ്ത് എത്യോപ്യയിലേക്ക് അയച്ചതുമുതലുള്ള ചരിത്രം സുവ്യക്തമാണ്. എ.ഡി. 1951 വരെ അലക്സാന്ത്രിയായിലെ കോപ്റ്റിക് പാത്രിയർക്കീസിനാൽ വാഴിക്കപ്പെട്ട് അയയ്ക്കപ്പെടുന്നതായ മെത്രാന്മാരുടെ ഭരണത്തിൻ കീഴിലായിരുന്നു എത്യോപ്യൻ സഭ. ഹൈലേസലാസി ചക്രവർത്തിയുടെ പ്രത്യേക ഇടപെടലിനാൽ 1951 മുതൽ തദ്ദേശീയ മെത്രാന്മാർ ഉണ്ടാവുകയും കാലക്രമേണ 1959 മുതൽ തദ്ദേശീയരായ പാത്രിയർക്കീസന്മാരുടെ അധികാരത്തിൻ കീഴിൽ എത്യോപ്യൻ ഓർത്തഡോക്സ് തെവാഹിതോ സഭ സർവ്വസ്വതന്ത്രയായി മുന്നോട്ട് വരുകയും ചെയ്യുന്നു.

എ.ഡി. 451-ലെ കൽക്കദോന്യ സുന്നഹദോസിന് ശേഷം കൽക്കദോന്യ വിശ്വാസത്തിനെതിരെ പോരാടിയ സന്ന്യാസിമാരുടെ കൂട്ടത്തിൽനിന്ന് ഈജിപ്റ്റുകാരും സിറിയാക്കാരുമായ ഒമ്പത് സന്ന്യാസിമാർ എത്യോപ്യയിലേക്ക് വരുകയും അലക്സാന്ത്രിയ-അന്ത്യോഖ്യാ സഭകളുടെ കൽക്കദോന്യേതര സത്യവിശ്വാസം എത്യോപ്യയിൽ പ്രചരിപ്പിക്കുകയും ചെയ്തതിനാൽ എത്യോപ്യൻ സഭ ഓറിയന്റൽ ഓർത്തഡോക്സ് സഭകളിൽ ഒന്നായി മാറി.

## ആക്സും തലസ്ഥാനവും ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയവും

വളരെ വിസ്തൃതമായിരുന്ന പഴയ എത്യോപ്യൻ സാമ്രാജ്യത്തിന്റെ തലസ്ഥാനവും എത്യോപ്യൻ ഓർത്തഡോക്സ് തെവാഹിതോ സഭയുടെ ആദ്യകേന്ദ്രവും എത്യോപ്യയുടെ വടക്കുഭാഗത്ത് സ്ഥിതിചെയ്യുന്ന തിഗ്രയിലെ പ്രധാനപട്ടണമായ ആക്സും ആയിരുന്നു. യരുശലേമിലെ ശലോമോൻ രാജാവിന്റെ പിൻഗാമിത്വം അവകാശപ്പെടുന്ന യഹൂദപാരമ്പര്യമുള്ള രാജാക്കന്മാരാലാണ് എത്യോപ്യൻ സാമ്രാജ്യം ഭരിക്കപ്പെട്ടിരുന്നത് എന്നാണ് പാരമ്പര്യം. രാജാക്കന്മാരുടെ ഒന്നാം പുസ്തകം പത്താം അദ്ധ്യായത്തിൽ ശേബയിലെ രാജ്ഞി യരുശലേമിൽ ശലോമോൻ രാജാവിനെ കാണുവാൻപോയ സംഭവം വിവരിക്കുന്നുണ്ട് (2 ദിനവൃത്താന്തം 9-ാം അദ്ധ്യായത്തിലും വിവരണം നൽകുന്നുണ്ട്. മത്തായി 12:42-ൽ ഇതു സംബന്ധിച്ച് പരാമർശം ഉണ്ട്). 1 രാജാ. 10:2-ൽ ശേബയിലെ രാജ്ഞി യഹോവയുടെ നാമം സംബ

ഡിച്ചും ശലോമോന്റെ കീർത്തി കേട്ടിട്ടും അന വധി സമ്മാനങ്ങളുമായി യരുശലേമിൽ വന്ന് ശലോമോനോട് തന്റെ മനോരഥം മുഴുവൻ അറി യിക്കുന്നതായി വായിക്കുന്നു. 10:13-ൽ അവൾ ആഗ്രഹിച്ചതും ചോദിച്ചതുമെല്ലാം രാജാവ് അവൾക്ക് നൽകി സന്തോഷത്തോടെ പറഞ്ഞ യച്ചതായും വിവരിക്കുന്നുണ്ട്.

എത്യോപ്യൻ പാരമ്പര്യം അനുസരിച്ച് ശലോ മോനിൽനിന്നും ഒരു കുഞ്ഞിനെ ലഭിക്കുവാൻ ശേബയിലെ രാജ്ഞി ആഗ്രഹിച്ചുവെന്നും അവ ളുടെ ആഗ്രഹനിവർത്തിയുടെ ഭാഗമായി ശലോ മോനിൽനിന്നും അവൾ ഗർഭവതിയായി എന്നും യരുശലേമിൽനിന്ന് മടങ്ങി സ്വദേശത്തു വന്ന് അവൾ ഒരു മകനെ പ്രസവിച്ചു എന്നും ആ മകന് അവൾ മെൻലിക് എന്ന് പേരുനൽകി എന്നും വിശ്വസിക്കുന്നു. മെൻലിക് വളർന്ന് മെൻലിക് ഒന്നാമൻ എന്ന പേരിൽ യഹൂദാവംശജനായ എത്യോപ്യൻ സാമ്രാജ്യാധിപതി ആയി മാറി എന്നതാണ് പരമ്പരാഗത വിശ്വാസം.

### താബോത്തും സമാഗമനകൂടാരവും (Taboth and the Ark of the Covenent)

പുറപ്പാട് പുസ്തകത്തിൽ യഹോവയായ ദൈവം സീനായ് മലയിൽവച്ച് മോശയ്ക്ക് പത്തു കല്പനകൾ എഴുതിയ കല്പലകകൾ നൽകിയ തായി വിവരിക്കുന്നുണ്ട്. മോശയ്ക്ക് കല്പനകൾ അടങ്ങിയ കല്പലകകൾ ലഭിച്ച സമയം മുതൽ അവയെ സമാഗമനകൂടാരത്തിലാക്കി യിസ്രാ യേൽ മക്കളുടെ യാത്രയിൽ അനുഗമിപ്പിച്ചിരുന്നു. യിസ്രായേൽ മക്കളോടൊപ്പമുള്ള ജീവനുള്ള ദൈവത്തിന്റെ നിറസാന്നിധ്യമാണ് അതുകൊണ്ട് അർത്ഥമാക്കിയിരുന്നത്. ശലോമോൻ രാജാവ് യരുശലേം ദൈവാലയം പണിത് കഴിഞ്ഞപ്പോൾ താബോത്ത് അടങ്ങിയ സമാഗമനകൂടാരം ദൈവാലയത്തിലെ വിശുദ്ധതകളുടെ വിശുദ്ധ സ്ഥലത്ത് പ്രതിഷ്ഠിച്ചിരുന്നു. ബി.സി. ആറാം നൂറ്റാണ്ടിൽ ഉണ്ടായ ബാബിലോണിയ പ്രവാസ ത്തിന്റെ സമയംവരെ സമാഗമനകൂടാരം ദൈവാ ലയത്തിൽ ഉണ്ടായിരുന്നു എന്നാണ് യഹൂദപാര മ്പര്യം. ബി.സി. ആറാം നൂറ്റാണ്ടിൽ ദൈവാലയം നശിപ്പിക്കപ്പെട്ടപ്പോൾ സമാഗമനകൂടാരം അപ്ര ത്യക്ഷമായെന്നും പിന്നീട് അതു കണ്ടുപിടിക്ക പ്പെട്ടിട്ടില്ലെന്നും യഹൂദ പാരമ്പര്യം പറയുന്നു.

താബോത്തും സമാഗമനകൂടാരവും സംബ ന്ധിച്ച് എത്യോപ്യയിൽ ഒരു സജീവ പാരമ്പര്യം നിലവിലുണ്ട്. ശലോമോൻ രാജാവിന് ശേബ യിലെ രാജ്ഞിയിലുണ്ടായ മകനായ മെൻലിക് വളർന്നപ്പോൾ അവൻ തന്റെ പിതാവിനെ കാണു വാനായി യരുശലേമിലേക്ക് പോയെന്നും യരുശ ലേമിലെ വാസത്തിനുശേഷമുള്ള മടക്കയാത്ര യിൽ ദൈവാലയത്തിലുണ്ടായിരുന്ന താബോത്തും സമാഗമനകൂടാരവും ഉപായത്താൽ എടുത്തു കൊണ്ടുപോയെന്നും അതു പഴയ എത്യോപ്യ യുടെ തലസ്ഥാനമായ ആക്സുമിൽ പ്രതിഷ്ഠി ച്ചുവെന്നുമാണ് എത്യോപ്യരാജ്യം മുഴുവൻ വിശ്വ സിക്കുന്നത്. എത്യോപ്യയിൽ ആക്സുമിൽ സ്ഥാപിക്കപ്പെട്ടിരിക്കുന്ന സ്തൂപങ്ങൾ രാജ്യ ത്തിന്റെ പഴയകാല യഹൂദ-യവന സംസ്കാര ങ്ങളുടെ പ്രതീകങ്ങളായിട്ടാണ് കണക്കാക്കപ്പെ ടുന്നത്.

### ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയം

ആക്സും പഴയ എത്യോപ്യയിൽ സാമ്രാജ്യ ത്തിന്റെ തലസ്ഥാനനഗരമാണ്. എ.ഡി. 20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ രാജാവായിരുന്ന മെൻലിക് രണ്ടാമൻ മഹാരാജാവിന്റെ കാല ത്താണ് എത്യോപ്യയുടെ തലസ്ഥാനം ആഡിസ് അബാബയിലേക്ക് മാറ്റപ്പെട്ടത്. അതുവരെയും ആക്സും നഗരവും അവിടെയുണ്ടായിരുന്ന സെന്റ് മേരീസ് സീയോൻ ദൈവാലയവും രാജ്യ ത്തിന്റെ അതിപ്രധാന കേന്ദ്രങ്ങളായിരുന്നു. എ. ഡി. നാലാം നൂറ്റാണ്ടിൽ എസ്സാനാ രാജാവാണ് ക്രൈസ്തവസഭയെ എത്യോപ്യയുടെ ഔദ്യോ ഗിക മതമായി പ്രഖ്യാപിച്ചത്. ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയത്തിന്റെ തുട ക്കവും നാലാം നൂറ്റാണ്ടിൽ ആണെന്നും വിശ്വ സിക്കുന്നു. എത്യോപ്യൻ രാജാക്കന്മാരുടെ കിരീ ടധാരണം സെന്റ് മേരീസ് സീയോൻ ദൈവാല യത്തിലാണ് നടത്തപ്പെട്ടിരുന്നത്. ഏതെങ്കിലും കാരണത്താൽ കിരീടധാരണം ആക്സുമിൽവച്ച് നടത്തുവാൻ സാധിച്ചില്ലെങ്കിൽ കിരീടധാരണത്തി നുശേഷം അധികം താമസിയാതെ തന്നെ ആക്സും സെന്റ് മേരീസ് സീയോൻ ദൈവാല യത്തിലെത്തി സ്ഥിരീകരണ ശുശ്രൂഷ നിർവ്വഹി ക്കാതെ സ്ഥാനനാമം ഉപയോഗിക്കുവാൻ അനു വാദം ഇല്ലായിരുന്നു. യരുശലേം ദൈവാലയ ത്തിൽനിന്ന് കൊണ്ടുവന്ന താബോത്തിന്റെ സാന്നിധ്യം സെന്റ് മേരീസ് സീയോൻ ദൈവാ ലയത്തിലുണ്ടെന്ന കാരണമാണ് ഇതിനു പിന്നി ലുള്ളത്.

ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയം ഇന്ന് അടുത്തടുത്ത് സ്ഥിതിചെയ്യുന്ന മൂന്ന് ദൈവാലയങ്ങളായിട്ടാണ് കാണപ്പെടുന്നത്. ഒന്നാമത്തെ ദൈവാലയത്തിന്റെ ആദ്യകാല ചരിത്രം തുടങ്ങുന്നത് നാലാം നൂറ്റാണ്ടിൽ എസ്സാനാ രാജാവിന്റെ കാലത്താണ്. റോമാ സാമ്രാജ്യത്തിൽ ക്രൈസ്തവമതം വ്യാപിക്കുന്നതിന് മുമ്പുതന്നെ ആക്സുമിൽ ക്രൈസ്തവമതം വ്യാപിക്കുകയും ദൈവാലയം സ്ഥാപിക്കപ്പെടുകയും ചെയ്തതായി കണക്കാക്കപ്പെടുന്നു. പത്താം നൂറ്റാണ്ടിനുമുമ്പുതന്നെ ഈ ദൈവാലയം രണ്ടു പ്രാവശ്യം നശിപ്പിക്കപ്പെട്ടതായും പുനരുദ്ധരിക്കപ്പെട്ടതായും രേഖപ്പെടുത്തിയിരിക്കുന്നു. 16-ാം നൂറ്റാണ്ടിൽ ഇസ്ലാമിക പട്ടാളം ഈ ദൈവാലയത്തെ വീണ്ടും നശിപ്പിച്ചു. തുടർന്ന് 17-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ ഗലാഡേവോസ് രാജാവിന്റെ നേതൃത്വത്തിലും പിന്നീട് ഫാസിലിഡ്സ് രാജാവിന്റെ നേതൃത്വത്തിലും ദൈവാലയം പുതുക്കിപ്പണിത് പൂർത്തീകരിച്ച് പ്രതിഷ്ഠിച്ചു. ഈ ദൈവാലയത്തിൽ സ്ത്രീകൾക്ക് പ്രവേശനം ഇല്ലാത്തതാകുന്നു. ദൈവാലയത്തിൽ വരുന്ന സ്ത്രീകൾ പുറത്തുനിന്ന് പ്രാർത്ഥിച്ച് മടങ്ങിപ്പോകുന്ന രീതിയാണ് ഇന്നും നിലവിലുള്ളത്.

1955-ൽ ഹൈലിസെലാസി രാജാവ് രണ്ടാമത്തെ ദൈവാലയത്തിന്റെ ആരംഭം കുറിക്കുകയും 1964-ൽ അതിന്റെ പണി പൂർത്തിയാക്കി പ്രതിഷ്ഠിക്കുകയും ചെയ്തു. ഈ ദൈവാലയത്തിനുള്ളിൽ സ്ത്രീകൾക്കും പ്രവേശനം സാധ്യമാണ്. 1965-ൽ ഹൈലിസെലാസി രാജാവ് തന്നെ പഴയ ദൈവാലയത്തോട് ചേർന്ന് ഒരു ചെറിയ തിരുശേഷിപ്പ് ദൈവാലയം സ്ഥാപിക്കുകയും താബോത്ത് ഉൾപ്പെടെ അതിവിശുദ്ധ തിരുശേഷിപ്പുകൾ അവിടേക്ക് മാറ്റി പ്രതിഷ്ഠിക്കുകയും ചെയ്തു. അവിടെ ധൂപം സമർപ്പിക്കുവാനായി നിയോഗിതനായിരിക്കുന്ന സന്ന്യാസ പുരോഹിതൻ അല്ലാതെ മറ്റാർക്കും പ്രവേശനം ഇല്ലാത്തതാകുന്നു. തന്റെ കാലാവസാനത്തിന് മുമ്പ് പിൻഗാമിയെ അദ്ദേഹം തന്നെയാണ് തെരഞ്ഞെടുക്കുന്നത്. ഏതെങ്കിലും കാരണത്താൽ അദ്ദേഹത്തിന് അത് സാധിക്കാതെ വന്നാൽ സന്ന്യാസിമാർ ചേർന്ന് ഒരു സന്ന്യാസപുരോഹിതനെ തെരഞ്ഞെടുക്കുകയും പരിശുദ്ധ പാത്രിയർക്കീസ് അദ്ദേഹത്തെ അവിടെ നിയമിച്ചാക്കുകയും ചെയ്യുന്നു. മറ്റാർക്കും അവിടെ പ്രവേശിക്കുവാൻ അനുവാദമില്ലാത്തതിനാൽ ഇപ്രകാരം നിയമിച്ചാക്കുന്ന സന്ന്യാസപുരോഹിതർ (കാവൽ സന്ന്യാസി) തന്റെ ജീവിതാവസാനം വരെ അവിടെ താമസിച്ചുകൊണ്ട് ധൂപാർപ്പണം നടത്തുന്നു. ചുരുക്കത്തിൽ ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയം എന്ന് ഇന്നറിയപ്പെടുന്നത് മൂന്ന് ദൈവാലയങ്ങൾ ചേർന്ന കെട്ടിടസമുച്ചയത്തിനാണ്. എത്യോപ്യൻ സഭയുടെ പൗരാണികതയും സത്യവിശ്വാസ സംരക്ഷണവും ചിത്രകലയും പാരമ്പര്യങ്ങളും ഈ ദൈവാലയങ്ങളിലൂടെത്തന്നെ ദൃശ്യമാണ്.

എത്യോപ്യൻ ഓർത്തഡോക്സ് സഭയുടെ ദൈവാലയങ്ങളിലെ വി. മദ്ബഹായിൽ ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയത്തിലുള്ള താബോത്തിന്റെ പകർപ്പുകൾ ഉണ്ടാക്കി കൂദാശ ചെയ്ത് ത്രോണോസിന്മേൽ പ്രതിഷ്ഠിച്ച് അതിന്മേലാണ് വി. കുർബ്ബാന അർപ്പിക്കുന്നത്. മലങ്കര സഭയുടെ ദൈവാലയങ്ങളിൽ തബലൈത്താ നിർബന്ധമെന്നതുപോലെ എത്യോപ്യൻ സഭയുടെ ദൈവാലയങ്ങളിൽ താബോത്ത് നിർബന്ധമാണ്. പ്രധാന പെരുന്നാളുകൾക്ക് പ്രദക്ഷിണം ഉണ്ടെങ്കിൽ താബോത്ത് പ്രത്യേക അലങ്കാരങ്ങളോടുകൂടി തലയിലേന്തിയ പുരോഹിതന്മാർ പ്രദക്ഷിണത്തിൽ പങ്കെടുക്കുന്നത് സാധാരണയാണ്. ദനഹാ പെരുന്നാളും സ്ലീബാപെരുന്നാളും എത്യോപ്യയിൽ ദേശീയ ഉത്സവങ്ങളാകയാൽ താബോത്ത് തലയിലേന്തിയ പുരോഹിതന്മാരുടെ കൂട്ടങ്ങളെ പ്രദക്ഷിണങ്ങളിൽ ദർശിക്കാവുന്നതാണ്. ആക്സുമിൽ സെന്റ് മേരീസ് സീയോൻ ദൈവാലയത്തിൽ പ്രതിഷ്ഠിച്ചിരിക്കുന്ന താബോത്തിന്റെ പകർപ്പ് സഭയുടെ എല്ലാ ദൈവാലയങ്ങളിലും ഉള്ളതാകയാൽ ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയം എത്യോപ്യയിലെ ദൈവാലയങ്ങളുടെ മാതാവായി നിലകൊള്ളുന്നു.

എത്യോപ്യയിലെ തീർത്ഥാടനകേന്ദ്രങ്ങളിൽ പ്രമുഖ സ്ഥാനമാണ് ആക്സും സെന്റ് മേരീസ് സീയോൻ ദൈവാലയത്തിനുള്ളത്. നവംബർ മാസം 30-ാം തീയതി (ഹിഡാൻ മാസം 21-ാം തീയതി) സീയോൻ മറിയാമിന്റെ പ്രധാന പെരുന്നാൾ ദിനമാണ്. പെരുന്നാളിനോടനുബന്ധിച്ചുള്ള ദിനങ്ങളിൽ തീർത്ഥാടകരുടെ നിലയ്ക്കാത്ത പ്രവാഹം ദർശിക്കാവുന്നതാണ്. ●



# ശിരഹസ്യം നിറയും ഹാശാവെള്ളി

ഡോ. ജോൺ ഡി. കുന്നത്ത്

**ദുഃഖവെള്ളി നമസ്കാരക്രമത്തിന്റെ രചയിതാക്കൾ**

നാലു മുതൽ എട്ടുവരെ നൂറ്റാണ്ടുകളിൽ ജീവിച്ചിരുന്ന ചില സഭാപിതാക്കന്മാരാണ് ദുഃഖവെള്ളി നമസ്കാരക്രമത്തിന്റെ രചയിതാക്കൾ. യേശുതമ്പുരാൻ ഉപയോഗിച്ച ആരാമ്യഭാഷയുടെ ഒരു ഭാഷാഭേദമായി വികസിച്ച സുറിയാനിയിലാണ് അവർ രചന നടത്തിയത്.

ക്രൈസ്തവസഭാചരിത്രത്തിൽ സർഗ്ഗാത്മകമായ ഒരു കാലഘട്ടമായിരുന്നു അവരുടേത്. പൂർവ്വികരിൽനിന്ന് ലഭിച്ച ആരാധനക്രമങ്ങളിൽ തൃപ്തിപ്പെട്ടിരിക്കാതെ അക്കാലത്ത് പുതിയ ആരാധനക്രമങ്ങൾ രചിക്കപ്പെട്ടു. മനസ്സിലാകുന്ന ഭാഷയിൽ ആരാധിക്കുമ്പോഴാണ് ആരാധന അർത്ഥവത്താകുന്നത് എന്ന് മനസ്സിലാക്കി, മാർ അപ്രേം അന്നാട്ടിലെ സംസാരഭാഷയായിരുന്ന സുറിയാനിയിൽ കീർത്തനങ്ങളും പ്രാർത്ഥനകളും രചിച്ചു. അദ്ദേഹത്തിന്റെ മാതൃക പിന്തുടർന്ന് മാർ ബാലായി, സെരൂഗിലെ യാക്കോബ്, ശെമവൂൻ കൂക്കോയൊ, അന്ത്യോക്യയിലെ മാർ സേവേറിയോസ്, എഡേസയിലെ യാക്കോബ് തുടങ്ങിയവർ അടുത്ത നൂറ്റാണ്ടുകളിൽ മനോഹരമായ കീർത്തനങ്ങളും പ്രാർത്ഥനകളും രചിച്ചു.

റോമാസാമ്രാജ്യം ഒന്നാം നൂറ്റാണ്ടിൽ കുരിശിലേറ്റിയ യേശു നാലാം നൂറ്റാണ്ടോടെ അതേ സാമ്രാജ്യത്തിൽ സർവേശന്റെ മനുഷ്യരൂപമായി വാഴ്ത്തപ്പെട്ടു. ഈ സാഹചര്യത്തിൽ യേശുവിന്റെ മരണവും ഉയിർപ്പും ലോകചരിത്രത്തിലെ ഏറ്റവും മഹത്തായ സംഭവങ്ങളായി. ഇവ ഓർക്കുന്ന പെരുന്നാളുകൾ പ്രധാന പെരുന്നാളുകളുമായി. ദൈവം എന്തിന് മനുഷ്യനായി എന്നും എന്തിന് സ്വമനസ്സാലെ മരണം വരിച്ചു എന്നുമുള്ള ചോദ്യങ്ങൾ അക്കാലത്ത് വ്യാപകമായി ഉയർന്നു. തത്ത്വചിന്തകരായ ഒട്ടേറെ പിതാക്കന്മാർ ഈ ചോദ്യങ്ങൾക്ക് ലേഖനങ്ങളിലൂടെയും പ്രഭാഷണങ്ങളിലൂടെയും യുക്തിസഹമായ ഉത്തരങ്ങൾ നൽകിയപ്പോൾ മാർ അപ്രേമിനെപ്പോലെയുള്ള പിതാക്കന്മാർ അവയ്ക്കുള്ള ഉത്തരങ്ങൾ നൽകിയത് കീർത്തനങ്ങളും പ്രാർത്ഥനകളും വഴിയായാണ്. അവ സമാഹരിച്ചാണ് കഷ്ടാനുഭവ ആഴ്ചയിലെ നമസ്കാരക്രമങ്ങൾ തയ്യാറാക്കപ്പെട്ടത്.

**ദുഃഖവെള്ളി നമസ്കാരക്രമത്തിന്റെ ഉള്ളടക്കം**

*ദൃഷ്ടാന്തേ ശിരഹസ്യം നിറയും ഹാശാവെള്ളി*
*നിൻ വൃത്താന്തം വർണ്ണിപ്പാനെൻ വദനം പോരാ*

രഹസ്യങ്ങളുടെ കലവറയാകുന്ന അല്ലയോ ദുഃഖവെള്ളി, നിന്നെക്കുറിച്ച് വർണ്ണിക്കുവാൻ ഞങ്ങളുടെ നാവ് അപ്രാപ്തമാണ് എന്ന താഴ്മയോടെ സമ്മതിച്ചുകൊണ്ട് അവർ അതിനൊരുമ്പെടുന്നു. അവർ നമ്മുടെ മുമ്പിൽ അനാവരണം ചെയ്യുന്ന രഹസ്യങ്ങൾ നമ്മെ അതിശയിപ്പിക്കുന്നു.

ലോകത്തെ യഥാർത്ഥത്തിൽ അതായിരിക്കുന്നത് പോലെ കാണാനും അറിയാനും കഴിയുന്നത് സർവേശന് മാത്രമാണ്. നാമാകട്ടെ ലോകത്തെ കാണുന്നതും അറിയുന്നതും ഭാഗികമായും പരിമിതമായുമാണ്. അതിന്റെ കാരണം നമ്മുടെ പഞ്ചേന്ദ്രിയങ്ങളുടെ പരിമിതിയാണ്. ആറാമത് ഒരു ഇന്ദ്രിയമുണ്ടെങ്കിൽ നാം ലോകത്തെ കാണുന്നത് വളരെ വ്യത്യസ്തമായിട്ടാവും. ആ അർത്ഥത്തിലാണ് നാം ഉൾക്കണ്ണ് എന്ന് പറയാറുള്ളത്. നാം സാധാരണ കാണുന്നത് നമ്മുടെ ബാഹ്യനയനങ്ങൾ കൊണ്ടാണ്. എന്നാൽ ഉൾക്കണ്ണുപയോഗിച്ച് കണ്ടാൽ സാധാരണ കാണുന്നതിൽനിന്ന് വ്യത്യസ്തവും വിശാലവുമായ ഒരു ലോകമാവും നാം കാണുന്നത്. ദുഃഖവെള്ളി നമസ്കാരക്രമത്തിലുടനീളം ഈ ചിന്ത കാണാവുന്നതാണ്. യേശുവിന്റെ കുരിശുമരണം രണ്ട് വ്യത്യസ്ത വീക്ഷണങ്ങളിലൂടെ അവതരിപ്പിച്ചിരിക്കുന്നു. ഒന്ന്, ബാഹ്യനയനങ്ങളുടേതാണ്; രണ്ട്, ഉൾക്കണ്ണിന്റേതും.

ആ സംഭവത്തിൽ നേരിട്ട് ഭാഗഭാക്കാകുന്നവർ കാണുന്നത് ബാഹ്യനയനങ്ങൾ കൊണ്ടാണ്; അതനുസരിച്ച് അവിടെ നടക്കുന്നത് ഒരു സാധാരണ സംഭവമാണ്. മൂന്നാളുകളെ രാജദ്രോഹക്കുറ്റത്തിന് കുരിശിലേറ്റുന്നു. അതവിടെ നിത്യസംഭവമാണ്. റോമൻ ഭരണകൂടത്തിന് ആരെയെങ്കിലും

സംശയം തോന്നിയാൽ മതി, പിന്നെ കുരിശിലേറ്റാൻ അധികം താമസമില്ല. ദൈവം ഭരിക്കുന്ന ഒരു രാജ്യം വരാൻപോകുന്നു എന്നൊക്കെ പറഞ്ഞ് ഒരാൾ ജനത്തെ ഇളക്കിയാൽ റോമാക്കാർ അതെങ്ങനെ അവഗണിക്കും? വർഷങ്ങളായി അതുപോലെ ജനത്തെ ഇളക്കിയ പലരും ഉണ്ടായിട്ടുണ്ട്. അവരുടെയെല്ലാം വിധി അതായിരുന്നു – കുരിശുമരണം. യേശുവിനെ കുരിശിക്കാൻ വിധിച്ച പീലാത്തോസും, കുരിശിച്ച പടയാളികളും അങ്ങനെയാവും ആ സംഭവത്തെക്കുറിച്ച് ചിന്തിച്ചത്. അവരുടേത് ബാഹ്യനയനങ്ങൾ കൊണ്ടുള്ള സാമാന്യബുദ്ധിയുടെ വീക്ഷണമായിരുന്നു.

എന്നാൽ അതിൽനിന്ന് വളരെ വ്യത്യസ്തമായ, ഉൾക്കണ്ണിന്റെ വീക്ഷണം നമസ്കാരക്രമത്തിലുടനീളം കാണാം. സ്വർഗ്ഗത്തിലെ മാലാഖമാരും, സൂര്യചന്ദ്രാദികളും, കടലും കരയും, വൃക്ഷലതാദികളും ഈ സംഭവം കാണുന്നത് ഉൾക്കണ്ണുകൊണ്ടാണ്. മനുഷ്യരുടെ കൂട്ടത്തിൽ അത് സാധിക്കുന്നത് യേശുവിന്റെ മാതാവിനും വലതുവശത്ത് ക്രൂശിക്കപ്പെട്ടയാൾക്കുമാണ്. ആ കാഴ്ചപ്പാടിൽ ഇത് വളരെ അസാധാരണമായ ഒരു സംഭവമാണ്. ത്രിലോകങ്ങളും ത്രികാലങ്ങളും ഈ സംഭവത്തിൽ ഭാഗഭാക്കാകുന്നു. അതിനീചമായ കുരിശുമരണം അനുഭവിക്കുന്നത് ലോകസ്രഷ്ടാവ് തന്നെയാകുന്നു.

ഇടതുവശത്ത് ക്രൂശിക്കപ്പെട്ടയാൾ യേശുവിനെ കണ്ടത് ബാഹ്യനയനങ്ങൾ കൊണ്ടാണ്. യേശു കുറ്റവാളിയാണെന്നും അതുകൊണ്ട് യേശുവിന് നൽകിയ ശിക്ഷ ന്യായമാണെന്നും അയാൾ വാദിക്കുന്നു. യേശു യഥാർത്ഥത്തിൽ ദൈവമനുഷ്യനായിരുന്നെങ്കിൽ നിഷ്പ്രയാസം കുരിശുമരണത്തിൽനിന്ന് രക്ഷപ്പെടുമായിരുന്നു. ഒരു ദൈവമനുഷ്യനെന്ന് കരുതി പിറകേ നടന്നവരെയെല്ലാം യേശു കബളിപ്പിക്കുകയായിരുന്നു.

എന്നാൽ വലത്ത് കിടന്നയാൾ അതിൽനിന്ന് വ്യത്യസ്തമായി ഉൾക്കണ്ണുകൊണ്ട് യേശുവിനെ കാണുന്നു. നന്മയുടെ ആൾരൂപമാണ് യേശു എന്നും അന്യായമായിട്ടാണ് അവിടുന്ന് ക്രൂശിക്കപ്പെടുന്നത് എന്നും അയാൾ സമ്മതിക്കുന്നു.

നമസ്കാരക്രമത്തിലെ കള്ളന്മാരുടെ സംവാദത്തിൽ ഇവർ തമ്മിലുള്ള വ്യത്യാസം വ്യക്തമായി ചിത്രീകരിച്ചിരിക്കുന്നു.

*ഇടതുവശത്തായ് ക്രൂശേറ്റോൻ തോഴൻ കേട്ടേവം ചൊന്നാൻ*
*എന്തിനിവൻ രാജാവെങ്കിൽ നിന്ദ്യാസ്കീപ്പാമേലേറി?*
*നമ്മെപ്പോലാണികളേന്തി പാടേൽപ്പത് കാണുന്നില്ലേ*
*രാജ്യം തരുവോനാമെങ്കിൽ സ്വയമൊഴിവാകട്ടെ നമ്പാം*
*തരുവിൽ നമ്മെപ്പോൽ തൂങ്ങി, കഷ്ടത നമ്മെക്കാളേറ്റാൻ*
*രാജാവെങ്കിൽ ലെഗിയോനാ വന്നിഹ ശാപം നീക്കട്ടെ*
*ഞെങ്ങിഞെരുങ്ങി പാടേറ്റാൻ കയ്പ്പു കുടിച്ചു കുത്തേറ്റു*
*കഷ്ടത നിറയുന്നോനെ ഞാൻ എങ്ങനെ രാജാവെന്നോതും?*

ഇടതുവശത്ത് ക്രൂശിതനായ ആളിന്റെ വീക്ഷണമാണിത്. ബാഹ്യനയനങ്ങൾ കൊണ്ട് മാത്രമാണ് അയാൾ കാണുന്നത്. സാമാന്യബുദ്ധികൊണ്ടു മാത്രമാണ് അയാൾ ചിന്തിക്കുന്നത്. ഇനി വലതുവശത്തെ ആളിന്റെ വീക്ഷണം കാണാം. ത്രിലോകങ്ങളും ത്രികാലങ്ങളും അയാളുടെ കാഴ്ചയ്ക്ക് വിഷയമാകുന്നു.

*ഈശോ പാരിൽ തരുവിന്മേൽ, വാനത്തഗ്നിത്തേരിന്മേൽ*
*പ്രകൃതികളുടയോനേയേറ്റു, തൻ ക്രൂശേറ്റത്താൽ വെമ്പി*

സ്വർഗ്ഗത്തിൽ അഗ്നിത്തേരിൽ ഇരിക്കുന്നവൻ തന്നെയാണ് ഭൂമിയിൽ ക്രൂശിൽ കിടക്കുന്നത്. പ്രകൃതികൾ അവിടുത്തെ തിരിച്ചറിയുന്നു.

*ആദാമിൻ ശാപം പോക്കാൻ മൺമുള്ളുകളെ തൻ മുള്ളാൽ*
*നീക്കിയൊരീശോ നൃപനല്ലാതാർക്കും കഴിവില്ലത് ചെയ്‌വാൻ*
*ആദാമുണരാൻ മൃതിയേറ്റാൻ മൃതിഗതരവനെ നോക്കുന്നു*
*അവനാദത്തെ വിടുവിക്കുന്നേദനിലെന്നെ ഏറ്റുന്നു*

ഭൂതകാലത്ത് മനുഷ്യവർഗ്ഗത്തിന്റെ ആരംഭത്തിലുണ്ടായ ഒരു പ്രശ്നത്തിന്റെ പരിഹാരമാണ് ഈ സംഭവം. മൃതനായിപ്പോയ മനുഷ്യനെ ജീവിപ്പിക്കുവാനാണ് അവിടുന്ന് കഷ്ടതയും മരണവും സഹിച്ചത്.

*ഈ മരണം പാതാളത്തിൻ പ്രാഗത്ഭ്യത്തെ മായിച്ചു*
*അതിനെ തൻ നാദം വീഴ്ത്തി, ധൂളിപ്പാൻ താൻ പൂകുന്നു*

പാതാളത്തിന്റെ അധികാരത്തിനും ഭരണത്തിനുമെതിരെ അവിടുന്ന് യുദ്ധം പ്രഖ്യാപിച്ച് കഴിഞ്ഞു. മൃതരായവർക്ക് താൻ രക്ഷയേകുന്നു.

*ആരാഞ്ഞാൽ തൻ മാഹാത്മ്യം പലതും നിന്നോടോതീടും*
*സൃഷ്ടികളവനെ സാക്ഷിപ്പൂ, ഇളകുന്നഖിലം തൻ പാടിൽ*

മനുഷ്യർ മാത്രമല്ല, സർവസൃഷ്ടികളും തന്നെ കീർത്തിക്കുന്നു.

**ദുഃഖവെള്ളി നമസ്കാരക്രമത്തിന്റെ കാവ്യഭാഷ**

ഉൾക്കണ്ണിന്റെ വീക്ഷണം രചയിതാക്കൾ അവതരിപ്പിക്കുന്നത് കാവ്യഭാഷ ഉപയോഗിച്ചുകൊ

ണ്ടാണ്. ബാഹ്യനയനങ്ങളുടെ വീക്ഷണം മാത്രമേ സാധാരണ ഭാഷയ്ക്ക് പ്രകടിപ്പിക്കാനാവൂ.

ഉദാഹരണത്തിന് ദുഃഖവെള്ളി നമസ്കാരക്രമത്തിൽ വ്യക്തിത്വാരോപണം (personification) ധാരാളമായി ഉപയോഗിച്ചിട്ടുണ്ട്.

*ധന്യൻ തൻ മൃതിയാൽ മരണത്തെ കൊന്നു*

ഈ വരിയിൽ മരണത്തെ ഒരു വ്യക്തിയായി സങ്കൽപ്പിച്ചിരിക്കുന്നു.

യേശു കുരിശിൽ കിടന്നപ്പോഴുണ്ടായ സൂര്യഗ്രഹണം വർണ്ണിക്കുമ്പോൾ വ്യക്തിത്വാരോപണം ധാരാളം ഉപയോഗിച്ചിരിക്കുന്നു.

*നഗ്നത പൂണ്ടോരുടയോനെക്കണ്ടടിയാൻ സൂര്യൻ*
*ഘോരാക്ഷേപം കാണായ്‌വാൻ തൻ നയനം ചിമ്മി*

നഗ്നനായിക്കിടക്കുന്ന തന്റെ ഉടയവനെ കാണാൻ കഴിയാതെ സൂര്യൻ കണ്ണടച്ചതുകൊണ്ടാണ് ഇരുട്ടുണ്ടായത് എന്നാണ് ഇവിടെ കവി സങ്കൽപം.

*നോഹിൻ നാഥൻ തൻ നഗ്നത കാണായ്‌വാൻ ശേമും*
*യാഫേത്തും പോൽ രവിയും മതിയും വദനം മൂടി*

നഗ്നനായിക്കിടന്ന നോഹയെ അപമാനകരമായ വിധത്തിൽ കാണാൻ വിസമ്മതിച്ച് മക്കളായ ശേമും യാഫേത്തും പിറകോട്ട് നടന്നുചെന്ന് പുതപ്പിച്ചതുപോലെ സൂര്യചന്ദ്രന്മാർ തങ്ങളുടെ നാഥന്റെ നഗ്നത കാണാൻ വിസമ്മതിച്ച് മുഖം മൂടിയതുകൊണ്ടാണ് ഇരുട്ടുണ്ടായത്.

*സ്കീപ്പായിന്മേൽ നീതിമഹാർക്കൻ മേവീടുമ്പോൾ*
*സൃഷ്ടികളിൽ ഞാനെങ്ങനുദിക്കും ചൊന്നാൻ സൂര്യൻ*

സൂര്യൻ ഉദിക്കുമ്പോൾ ചന്ദ്രന് പ്രഭ നഷ്ടമാകുന്നതുപോലെ തന്നെക്കാൾ എത്രയോ മടങ്ങ് പ്രഭയുള്ള നീതിമഹാസൂര്യൻ ഉദിച്ചു നിൽക്കുന്നതുകൊണ്ടാണ് തനിക്ക് പ്രഭ നഷ്ടപ്പെട്ടതെന്ന് സൂര്യൻ വിശദീകരിക്കുന്നു.

ഇത് പിതാക്കന്മാർ ഉപയോഗിച്ചിരിക്കുന്ന കാവ്യഭാഷയുടെ ഒരു ഉദാഹരണം മാത്രം. മറ്റ് പല കാവ്യസങ്കേതങ്ങളും ദൃഷ്ടാന്തകഥകളും അവർ ഉപയോഗിച്ചിട്ടുണ്ട്. ●

**മരണം മരിച്ച മഹാദിനം**
*ദുഃഖവെള്ളി നമസ്കാരക്രമത്തിന്റെ ഒരു ധ്യാനപഠനം*
ഗ്രന്ഥകർത്താവ്: ജോൺ ഡി. കുന്നത്ത് പ്രസാധകർ: മൗനം ബുക്സ്, കോട്ടയം പേജ്: 64, വില: രൂപ 60
Contact: 9447464060

## സൺഡേസ്കൂൾ ദിനം

**2018 മെയ് 13 ഞായർ**


- സൺഡേസ്കൂളിനുവേണ്ടി പ്രാർത്ഥിക്കുക
- പരിശുദ്ധ കാതോലിക്കാ ബാവാ തിരുമേനിയുടെ കല്പനയനുസരിച്ച് അന്നേ ദിവസത്തെ കാണിക്ക മുഴുവനും സൺഡേസ്കൂൾ കേന്ദ്രത്തിൽ അടയ്ക്കുക.
- കവർ പിരിവിൽ ഇടവകയിലെ മുഴുവൻ കുടുംബാംഗങ്ങളെയും പങ്കാളികളാക്കുക.

## ഇത്തവണ വചനിപ്പു പെരുന്നാളും ഓശാനാ ഞായറാഴ്ചയും ഒരുമിച്ച്

ഇത്തവണ വചനിപ്പു പെരുന്നാളും (2018 മാർച്ച് 25) ഓശാനാ ഞായറാഴ്ചയും ഒരുമിച്ചു വരുന്നു. 1956 മാർച്ച് 25നാണ് ഇതിനു മുമ്പ് ഇവ ഒരുമിച്ചു വന്നത്. 2029, 2040, 2108 വർഷങ്ങളിൽ ഇത് ആവർത്തിക്കും. 1956നു മുമ്പ് 1901 ഏപ്രിൽ ഏഴിന് ഇങ്ങനെ വന്നിരുന്നു. 1806, 1879, 1890 വർഷങ്ങളിൽ ഏപ്രിൽ ആറിനും 1711, 1716, 1795 വർഷങ്ങളിൽ ഏപ്രിൽ അഞ്ചിനും 1621, 1632 വർഷങ്ങളിൽ ഏപ്രിൽ നാലിനും ഇങ്ങനെ വന്നു.

മലങ്കര സഭ ഗ്രിഗോറിയൻ കലണ്ടർ (പുതിയ രീതി/പാശ്ചാത്യ രീതി) സ്വീകരിക്കുന്നതു (1953) വരെ ഓദോർ (സുറിയാനി കണക്കിന് മീനം) 25 നായിരുന്നു വചനിപ്പു പെരുന്നാൾ. അതുകൊണ്ടാണ് അതിനുമുമ്പ് ഏപ്രിൽ ഏഴിന് ഈ പെരുന്നാൾ ആചരിച്ചിരുന്നത്. 19-ാം നൂറ്റാണ്ടിൽ ഏപ്രിൽ ആറിനും 18-ാം നൂറ്റാണ്ടിൽ ഏപ്രിൽ അഞ്ചിനും 17-ാം നൂറ്റാണ്ടിൽ ഏപ്രിൽ നാലിനുമാണ് വചനിപ്പു പെരുന്നാൾ വന്നിരുന്നത്. ജൂലിയൻ കലണ്ടർ അനുസരിച്ചുള്ള സുറിയാനി കണക്ക് (പഴയ രീതി/പൗരസ്ത്യ രീതി) പ്രകാരം തീയതി കണക്കാക്കുന്നതാണ് ഗ്രിഗോറിയൻ കലണ്ടറിലെ തീയതി വ്യത്യാസത്തിനു കാരണം.

VJT



# 'Mar Dionysius VI, the Man'



**Late Fr. Dr. V. C. Samuel**
**(From his book 'TRUTH TRIUMPHS')**

An ascetic by temperament who cared little for external show, Dionysius VI had developed his inner life in a remarkable way by prayer and spiritual discipline. The result was that he had on the one hand clarity of mind and nobility of character, and on the other devotion to duty and courage of conviction. Thus he had the inner strength to follow a course in life boldly till the end. Unlike many others who choose the ministry of the Church as a profession, he opted it as a vocation. To be sure, he had learned from Mar Dionysius V, his illustrious predecessor, that the Malankara Syrian Church deserved whole-hearted love and service from its adherents, and he on his part dedicated himself early in life to contribute his mite towards its progress.

It was, as we have seen in 1909 that the Malankara Association under the presidency of Dionysius V chose Vattaseril Geevarghese Remban and Kochuparambil Paulose Remban to be made Metropolitans and sent them to the Patriarch for their consecration. Before the two men set out on their journey to Jerusalem, the old Metropolitan advised them both very earnestly that on no account they should submit to the Patriarch any formal undertaking beyond what was there in the order of service for the ceremony. Both of them followed the advice and came back to India as Metropolitans. But soon the Patriarch arrived in

---

*Father Dr. V.C. Samuel was an internationally known scholar and writer. He had his ecclesiastical studies at the Manjinikara Dayra, where he did also teach for several years as a colleague of remban Abdul Ahad, later patriarch Mar Ignatius Jacob III. He has obtained B.A. (Travancore University), M.A. (Madras University), B.D. (Serampore University), S.T.M. (Union Theological Seminary, New York), and the Ph. D. (Yale University, U.S.A.). His doctoral dissertation treats the chalcedonian question from a fresh Oriental Orthodox perspective.*

*Father Samuel has served on the faculties of the Serampore College (University). The United Theological College, Bangalore, in India, and the Theological College of the Holy Trinity, Addis Ababa, Ethiopia, where he was Dean (Principal) for over seven years. He was professor and Dean of Studies at the Orthodox Theological Seminary, Kottayam. The services he has rendered the world Church includes his participation in the Faith and Order Commission of the World Council of Churches as a member for over 23 years from 1961.*

Kerala and demanded of them registered deeds acknowledging his absolute authority in the Church. Though Paulose Mar Kurillos yielded, Mar Dionysius refused to comply and the Patriarch excommunicated him.

Two things about Mar Dionysius VI have caused to conceal his greatness as a spiritual leader even from many who had in fact admired him in other respects. In the first place, his opponents have consistently decried him and their efforts have cast a shadow on his person. They have tried to make out that Mar Dionysius VI was a man of authoritarian leanings who dragged the Church of Malabar into an unfortunate division, with a view to dominating it himself. Secondly, his involvement in court cases during a large part of his Episcopal career led many to think of him as an expert in litigation rather than in spiritual matters. As a matter of fact, both these are thoroughly distorted impressions of the man. As regards the first point, the fact is that Mar Dionysius VI had a conception of the nature of the Church, which he had learned from history and Antiochene Syrian sources, and which he endeavoured to conserve against the claims of the Patriarch for the good of the Church of Malabar, not for his own personal advantage. As regards court cases, it is a fact that Mar Dionysius never took the first step and he did not carry them forward for his personal benefit. To be sure, he was drawn to the court, but he discharged his duty in conducting the cases and establishing the rights of the Church of Malabar. The Church should feel ever grateful to him for the sacrifice which underwent to achieve the goal.

Father Jacob Manalil who had known the Metropolitan very intimately and served him as his private secretary for nine years, from 1925 to 1934, notes a number of great qualities in him. Among them, the following four, namely Nobility of character, Self-control, Unwavering love for the Church and a whole-hearted concern for the Church's unity, deserve special notice.

**Nobility of Character**

From 1913 to about 1930 Mar Dionysius VI was drawn into at least six court cases, both civil and criminal it is in fact his victory in them that won for the catholicate at Kottayam its legal standing. But in obtaining it, the Metropolitan had to undergo very real struggle, both physical and mental. That he was able, with grace from above, to brave them all is the simple truth about the man which any one should sincerely appreciate.

As regards the court cases in which Mar Dionysius VI had to be engaged, question is possible to be raised as to how far he stood by the principle of honesty and truthfulness. In fact, on 5 October 1928 the lawyer who examined him in the Suspension case asked him: "Have you committed deliberate acts of sins?" "It is my conviction", answered the Metropolitan, "that I have not willfully indulged in acts of sin which may be described as beyond the possibility of forgiveness." That he had failures of his own, he admitted; but as he used to feel sorry for them, he was confident that God has forgiven him those violations." We have record that the question was raised to him directly by a close friend in a private conversation. He was asked whether in the series of examinations which he had to undergo in courts of law he had ever strayed from the path of truth. The answer which Mar Dionysius gave on that occasion is more noteworthy that the statements which he made in court. He said to the friend that, so far as his conscience went, he had never deviated from what he knew to be the truth concerning issues raised to him. The Metropolitan maintained the confidence that in answering questions put to him in court he had kept to the principle of truth

Did he not tell a lie in court referring to his consecration as Metropolitan? This question has a story behind it, which has been told rather widely and many have noted it as evidence that Mar Dionysius VI would not mind distorting facts if thereby he could gain a point. The story is this. On 31 August 1918 Mar Dionysius was asked by the lawyer, "When you were consecrated, was it not patriarch Abdullah that laid hands on your head?" "It is my unwavering faith". He answered, "that the person who laid hands directly was Patriarch Abdullah". "Is it only that you so believe, and not that you are sure?" "I did not say that I was not sure, but only that I could not see."

The issue in question should be noted. During the consecration there is an occasion when the

person who leads the ceremony takes the candidate within his vestments and while the head of the latter is covered, the former waves his hands and lays them on his head three times. Normally the candidate would not be able to see with his eyes what was going on, except that he could have an awareness of the same. In his answer to the lawyer's question Mar Dionysus was trying to make a point, without giving the former any possibility of arguing the case against him. His opponents were seeking to establish that it was the patriarch by himself who consecrated a Metropolitan, so that the latter should obey the former implicitly. Since Mar Dionysius was excommunicated by the Patriarch who had raised him to the Episcopate, they argued, he had no right to challenge the action. The lawyer was seeking to make out this point against the Metropolitan, Mar Dionysius, on the other hand, insisted that a person was consecrated as a bishop, not by the Patriarch by himself, but by a council of bishops. In excommunicating him also, the relevant council should arrive at the decision to that effect, following a legally defensible examination. Both in the consecration and in the excommunication that the role of the Patriarch was only to serve as the leader of the council. In his case, argued the Metropolitan, the consecration had been performed by a council of bishops presided over by Patriarch Abdullah, but the ex-communication had been perpetrated by the patriarch alone, so that the latter action of the patriarch was opposed to the tradition and canon laws of the Antiochene Syrian Church itself. Therefore, in proceeding to excommunicate him, the Patriarch exceeded his authority as it is conserved in his own Church. To establish this principle was the aim of Mar Dionysius. What we can see in the incident of 31 August 1918 is not therefore that the Metropolitan would indulge in falsehood if that would serve his purpose. To see it in that way is to misunderstand the incident altogether?[7]

Mar Dionysius VI was intelligent enough to answer questions put to him by lawyers, without falling into their trap. But in so doing, he did not violate the nobility of his character. A clear example of this fact can be noted by referring to an incident which happened during his examination in court. In the letter of excommunication Patriarch Abdullah had noted that the Metropolitan had the physical infirmity of shivering of hands, so that it would not be possible for him to celebrate the Holy Qurbana properly and distribute the elements according to canonical stipulation. The metropolitan admitted that he had in fact the shivering of hands, but maintained that it did not affect his celebrating the sacrament and giving the consecrated elements in the prescribed way. "Does not the canon law insist", the lawyer asked, "that Deacons and Priests should be given communion in a spoon?" "Yes", answered the metropolitan. "This is how we do" The lawyer now asked, I shall give you water in a cup with a spoon and a saucer. Would you take the cup and the saucer and walk twenty feet from where you are seated? "I have come to the court", said Mar Dionysius, "to depose in a case as a witness, not to dramatically perform what is being done during the celebration of the Qurbana. To do that is an insult to me, and I am not willing to comply with your request." The incident brings out he quality of Mar Dionysius as a man, and how he answered questions which were put to him in court.

On hearing the news of Mar Dionysius death in 1943, Justice G. Sankara Pillai, who had served as the special judge between 1913 and 1919 and who was then appointed as a judge of the high court of Travaancore, wrote a letter of condolence to the Catholicos at Kottayam. Justice Sankara Pillai, it should be note, had come to know Mar Dionysius only from his depositions in court, from which he had formed an opinion of the man. The following extract from that letter will show the kind of impression the Metropolitan had made on a Hindu judge of unblamable character and reputation for moral grandeur.

…He (Mar Dionysius) stood straight and fought for the preservation of a principle of central significance for the Church of Malabar. For this reason, he was subjected to false accusations and persecutions in various ways. He had to undergo suffering of a serious personal nature. But he endured them all as a dedicated warrior, with courage and devotion that become a real Christian.

Father Jacob Manalil's testimony to the nobility of Mar Dionysius character includes a number of points deserving our attention. Three of them may be noted here.



# സംഗീതം ദൈവത്തിന്റെ വരദാനം

ഫാ. ഡോ. വർഗീസ് പി. വർഗീസ്, പാമ്പാക്കുട

സംഗീതം ദൈവത്തിന്റെ വരദാനമാണ്. എല്ലാ മതങ്ങളും സംഗീതത്തിന് പ്രാധാന്യം നൽകുന്നുണ്ടെന്ന് മാത്രമല്ല, ദൈവസ്തുതിയുടെ പ്രധാന മാർഗ്ഗമായി അത് മാറുകയും ചെയ്തിട്ടുണ്ട്. മിക്കവാറും പ്രവാചകന്മാരും പിതാക്കന്മാരും സംഗീതജ്ഞരായിരുന്നുവെന്ന് ചരിത്രം വ്യക്തമാക്കുന്നു.

മനസ്സിന് കുളിർമയേകുന്നതും, ഏതു പ്രതികൂലതയിലും സാന്ത്വനമേകുന്നതും, സന്തോഷം പ്രദാനം ചെയ്യുവാൻ കഴിയുന്നതുമായ കലയാണ് സംഗീതം. അത് പണ്ഡിതനും പാമരനും, ധനവാനും ദരിദ്രനുമെല്ലാം പ്രായഭേദമെന്യേ ആസ്വദിക്കുന്നു. സംഗീതം ആലപിക്കുന്നതുപോലെ പ്രാധാന്യമേറിയതാണ് ശുദ്ധസംഗീതം ആസ്വദിക്കുന്നതും. മനുഷ്യന്റെ വ്യത്യസ്ത വികാരങ്ങൾ ഉണർത്താനും, പ്രകടിപ്പിക്കാനുമുള്ള സംഗീതത്തിന്റെ കഴിവ് അപാരമാണ്. ഇതിന്റെ പ്രത്യക്ഷോദാഹരണമാണ് 1 ശമുവേൽ 16: 14-23 വരെയുള്ള വേദഭാഗങ്ങളിൽ ദാവീദ് കിന്നരം വായിക്കുമ്പോൾ അതിന്റെ സന്തോഷാനുഭൂതിയിൽ ശൗൽ രാജാവിന്റെ മാനസിക വിഭ്രാന്തി മാറുന്നതായി നാം കാണുന്നത്. സംഗീതത്തിന് മാനസികസന്തോഷം നൽകുവാൻ കഴിയുമെന്ന് തിരിച്ചറിഞ്ഞ ആധുനിക മനഃശാസ്ത്രജ്ഞന്മാർ **'മ്യൂസിക് തെറാപ്പി'** എന്ന ചികിത്സാരീതിക്ക് തന്നെ രൂപം കൊടുത്തിട്ടുണ്ട്.

സംഗീതവും പ്രകൃതിയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. കാതുകൾക്ക് ഇമ്പമേറിയതും, മനുഷ്യമനസ്സിനെ ആകർഷിക്കുന്നതുമായ പ്രകൃതിയിലെ ശബ്ദങ്ങളിൽ നിന്നാണ് സംഗീതബോധവും, സംഗീത ശബ്ദങ്ങളും ഉരുത്തിരിഞ്ഞുവന്നത്. പക്ഷികളുടെയും, മൃഗങ്ങളുടെയും ശബ്ദങ്ങൾ, ആർത്തിരമ്പുന്ന തിരമാലകളുടെ ശബ്ദം, കാറ്റത്താടിയുലയുന്ന വൃക്ഷങ്ങളുടെ മൂളൽ, പുഴകളുടെയും നീർച്ചാലുകളുടെയും കളകളാരവം, ഇവയെല്ലാം സംഗീതസൃഷ്ടിയും, ആസ്വാദനശേഷിയും താളബോധവും ഉരുത്തിരിയുവാൻ കാരണമായിട്ടുണ്ട്.

### ശാസ്ത്രീയ സംഗീതം (Classical Music)

സപ്തസ്വരങ്ങളും അവയുടെ 12 സ്വരസ്ഥാനങ്ങളും ശാസ്ത്രീയമായി ക്രമീകരിച്ചിരിക്കുന്ന സംഗീതശാഖയാണ് ശാസ്ത്രീയ സംഗീതം. മതപരമായ അനുഷ്ഠാനങ്ങൾ, തൊഴിൽ, വിനോദം, പ്രാദേശിക സംസ്ക്കാരങ്ങൾ എന്നിവയുമായ ബന്ധപ്പെട്ട് ഭാരതത്തിൽ വിവിധ സംഗീത രൂപങ്ങളും ശൈലികളും പ്രബലമായിട്ടുണ്ടെങ്കിലും, കർണ്ണാടകസംഗീതം (Carnatic Music), ഹിന്ദുസ്ഥാനി സംഗീതം എന്നീ രണ്ട് സമ്പ്രദായങ്ങളാണ് ഭാരതം മുഖ്യമായി അംഗീകരിച്ചിട്ടുള്ളത്. ഏഴു സ്വരങ്ങളും അവയിൽ നിന്നുൽഭവിക്കുന്ന രാഗങ്ങളുമാണ് രണ്ട് സമ്പ്രദായത്തിന്റെയും അടിസ്ഥാനം. രാഗം, താളം എന്നിവയിൽ സമാനതകളുണ്ടെങ്കിലും ആലാപന ശൈലി, അവതരണ രീതി, ഗാനരൂപഘടന എന്നിവ അവയെ മുഖ്യമായ രണ്ട് സമ്പ്രദായങ്ങളാക്കി മാറ്റുന്നു.

കർണ്ണാടക, ആന്ധ്രപ്രദേശ്, തമിഴ്നാട്, കേരളം, എന്നീ ഭൂഭാഗങ്ങളുൾപ്പെടുന്ന പ്രദേശത്ത് ഏകദേശം 600 വർഷങ്ങളായി പ്രചാരത്തിലുള്ള ശാസ്ത്രീയ സംഗീത സമ്പ്രദായമാണ് കർണ്ണാടകസംഗീതം. കർണ്ണാടകസംഗീത ചരിത്രത്തിൽ ഉന്നതസ്ഥാനം അർഹിക്കുന്ന ഒരു സ്ഥലമാണ് തമിഴ്നാട്ടിലെ തഞ്ചാവൂർ. തഞ്ചാവൂരിലും അതിന്റെ പ്രാന്തപ്രദേശങ്ങളിലുമാണ് കർണ്ണാടകസംഗീതത്തിന്റെ എല്ലാവിധ വളർച്ചകളും പരിണാമവും ഉണ്ടായത്. ഇപ്പോഴത്തെ പാട്ടുകച്ചേരി സമ്പ്രദായം രൂപം കൊണ്ടത് തഞ്ചാവൂരിലാണ്.

പേർഷ്യൻ സംഗീതത്തിന്റെ സ്വാധീനത്തിൽ വടക്കേ ഇന്ത്യയിൽ രൂപപ്പെട്ട സംഗീതസംവിധാ

---

*ഫാ. ഡോ. വർഗീസ് പി. വർഗീസ്*
*ശ്രുതി സ്കൂൾ ഓഫ് ലിറ്റർജിക്കൽ മ്യൂസിക്കിൽ അസി. ഡയറക്ടറായി സേവനമനുഷ്ഠിക്കുന്നു.*

നമാണ് ഹിന്ദുസ്ഥാനി സംഗീതം. ഹിന്ദുസ്ഥാനി സംഗീതം ഉത്തരേന്ത്യൻ സംഗീതം എന്ന പേരിൽ അറിയപ്പെടുന്നു. 'ഖരാനകൾ' എന്ന പേരിൽ വിവിധ ശൈലികളിലായി അത് പടർന്നു കിടക്കുകയാണ്.

## സംഗീതവുമായി ബന്ധപ്പെട്ട സാങ്കേതിക പദങ്ങൾ

**1. നാദം**

ശ്രവണസുഖമുള്ള മനസ്സിനെ ആനന്ദിപ്പിക്കുന്ന ശബ്ദമാണ് നാദം. വായുവിൽ വസ്തുക്കളുടെ സ്പന്ദനം മൂലമാണ് നാദമുണ്ടാകുന്നത്.

**2. ശ്രുതി (Pitch)**

ഗായകർ പാടുമ്പോൾ ഏതു നാദത്തെ ആധാരമായി പാടുന്നുവോ ആ നാദത്തെ ശ്രുതി എന്നു പറയുന്നു. ഭാരതീയ സംഗീതത്തിൽ ആധാര നാദം എപ്പോഴും സ (ഷഡ്ജം) ആയിരിക്കും.

**3. സ്വരം**

മനസ്സിനെ രഞ്ജിപ്പിക്കുന്ന ശ്രുതികളെയാണ് സ്വരങ്ങൾ എന്നു പറയുന്നത്. ഭാരതീയ സംഗീതത്തിൽ സ (ഷഡ്ജം), രി (ഋഷഭം), ഗ (ഗാന്ധാരം), മ (മധ്യമം), പ (പഞ്ചമം), ധ (ധൈവതം), നി (നിഷാദം) എന്നീ ഏഴു സ്വരങ്ങളാണുള്ളത്. ഇവ സപ്തസ്വരങ്ങൾ എന്നറിയപ്പെടുന്നു. സപ്തസ്വരങ്ങളിൽ സ്വരഭേദം വരാത്ത രണ്ടു സ്വരങ്ങളാണ് സ, പ എന്നിവ. അതിനാൽ ഇവയെ പ്രകൃതിസ്വരങ്ങൾ എന്നും വിളിക്കുന്നു. ബാക്കിയുള്ള രി, ഗ, മ, ധ, നി എന്നീ 5 സ്വരങ്ങൾക്ക് ഓരോന്നിനും കോമളം, തീവ്രം എന്നിങ്ങനെ രണ്ട് സ്ഥാനങ്ങൾ വീതം ഉണ്ട്. ഇവയെ വികൃതിസ്വരങ്ങൾ എന്നു പറയുന്നു. 5 വികൃതിസ്വരങ്ങളുടെ 10 സ്ഥാനങ്ങളും രണ്ട് പ്രകൃതി സ്വരങ്ങളും ചേർന്ന് ആകെ പന്ത്രണ്ട് സ്വരസ്ഥാനങ്ങളാണുള്ളത്. ഇവയെ ദ്വാദശ സ്വരസ്ഥാനങ്ങൾ എന്നു പറയുന്നു. ഈ സ്വരസ്ഥാനങ്ങളാണ് ഭാരതീയ സംഗീതത്തിന്റെ അടിത്തറ.

**4. സ്ഥായി (Octave)**

സ മുതൽ നി വരെയുള്ള ഏഴു സ്വരങ്ങൾ ഉൾക്കൊള്ളുന്ന ഒരു സ്വരസമൂഹത്തെ സ്ഥായി (Octave) എന്നു പറയുന്നു. മന്ദ്രസ്ഥായി, മധ്യസ്ഥായി, താരസ്ഥായി എന്നിങ്ങനെ മൂന്നു സ്ഥായികളാണ് ഭാരതീയ സംഗീതത്തിൽ കൂടുതലായി ഉപയോഗിക്കുന്നത്.

**5. രാഗം**

കാതിന് ഇമ്പം പകരുന്ന രീതിയിൽ സ്വരങ്ങളെ വിവിധ രീതിയിൽ കൂട്ടിച്ചേർക്കുന്നതിനെ രാഗമെന്ന് വിളിക്കുന്നു. കർണ്ണാടകസംഗീതത്തിൽ എണ്ണമറ്റ രാഗങ്ങളുണ്ട്. ഓരോ രാഗത്തിനും തനതായ സ്വരൂപമുണ്ട്.

**6. സംഗതി**

കൃതിയുടെ മനോഹാരിത വർദ്ധിപ്പിക്കുന്ന ഒരിനമാണ് സംഗതി. ഒരു ഗാനത്തിന്റെ ഏതെങ്കിലും വരികൾ പാടുമ്പോൾ അതിന് കൂടുതൽ രൂപഭംഗിയും വ്യക്തമായ ഭാവവും നൽകുവാൻവേണ്ടി ഓരോ ആവർത്തനത്തിലും വ്യത്യസ്തങ്ങളായി ഏതാനും സ്വരങ്ങൾ ചേർത്തുവരുത്തുന്ന മാറ്റങ്ങൾക്ക് സംഗതികൾ എന്നു പറയുന്നു.

**7. താളം (Rhythm)**

ഗാനത്തിന്റെ കാലയളവിനെ (time) കൃത്യമായും ക്രമമായും കണക്കാക്കുവാൻ അടികൾ (beat) ഉപയോഗിച്ച് പ്രകടിപ്പിക്കുന്നതാണ് താളം. പ്രപഞ്ചത്തിന്റെതന്നെ നിലനിൽപ്പ് അതിലുൾക്കൊള്ളുന്ന സകലത്തിന്റെയും താളാത്മകമായ ചലനം മൂലമാണ്.

## സംഗീതപഠനത്തിന്റെ പ്രാധാന്യം

ഗായകന് ഏറ്റവും അത്യാവശ്യമായി അറിഞ്ഞിരിക്കേണ്ട ശ്രുതി, താളം എന്നിവയെക്കുറിച്ചുള്ള ശരിയായ അറിവ് ലഭിക്കുന്നത് ചിട്ടയായ ശാസ്ത്രീയസംഗീത പഠനത്തിലൂടെയാണ്. സപ്തസ്വരങ്ങളിൽ നിന്ന് രാഗം രൂപപ്പെടുന്നതിനെപ്പറ്റിയും, ഒരേ സ്വരത്തിൽ നിന്ന് തന്നെ അനവധി രാഗങ്ങൾ ഉണ്ടാകുന്നതും മനസിലാകുന്നത് പഠനത്തിലൂടെയാണ്. നമ്മുടെ ശബ്ദത്തെ നിയന്ത്രണവിധേയമാക്കുന്നതിനും, സ്വരസ്ഥാനത്തിന്റെ നിശ്ചയം കൈവരിക്കുന്നതിനും, ചിട്ടയായ പരിശീലനം അവസരം നൽകുന്നു. സാധകം നിത്യവും ചെയ്യുന്ന ഒരാളുടെ പാടാനുള്ള ശേഷി, ഗ്രഹിക്കുവാനുള്ള ശേഷി. സ്വരമാധുരി എന്നിവ വർധിക്കുന്നു. ശുദ്ധവായു ഏറ്റവും കൂടുതൽ ലഭിക്കുന്ന സൂര്യോദയത്തിന് മുമ്പ് സാധകം ചെയ്യുന്നതാണ് ഏറ്റവും ഉത്തമം. ഗുരുമുഖത്തുനിന്ന് ലഭിക്കുന്ന നിർദ്ദേശങ്ങളും ഉപദേശങ്ങളും അനുസരിച്ച് പാഠഭാഗങ്ങൾ നിത്യവും സാധകം ചെയ്യുമ്പോൾ സംഗീതജ്ഞാനം ആർജ്ജിച്ചെടുക്കുന്നു.

വ്യത്യസ്തങ്ങളായ ശൈലികളും രീതികളും അവലംബിക്കുന്നുവെങ്കിലും ലോകത്തിലെ എല്ലാ സംഗീത സമ്പ്രദായത്തിന്റെയും ലക്ഷ്യവും അന്തഃസത്തയും ഒന്നാണ്. മനുഷ്യനെ ആനന്ദിപ്പിക്കുക, സാന്ത്വനിപ്പിക്കുക, ശാന്തി നൽകുക എന്നിവയാണ് സംഗീതത്തിന്റെ ലക്ഷ്യം. •

**Our Alumni**



## ഫാ. പോൾ പി. തോമസ്

*"ബാലൻ തന്റെ നടപ്പിനെ നിർമ്മലമാക്കുന്നത് എങ്ങനെ? നിന്റെ വചനപ്രകാരം അതിനെ സൂക്ഷിക്കുന്നതിനാൽ തന്നേ." - സങ്കീർത്തനങ്ങൾ 119:9.*

പരിശുദ്ധ സഭയുടെ ഭാവിവാഗ്ദാനങ്ങളായ കുഞ്ഞുമക്കൾക്ക് ആത്മീയപോഷണം നൽകി നീതിയുടെ മാർഗ്ഗത്തിൽ അവരെ വളർത്തുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന സൺഡേസ്കൂൾ പ്രസ്ഥാനത്തിന്റെ പുരോഗതി ഏറെ സന്തോഷമുളവാക്കുന്നതാണ്. സൺഡേസ്കൂൾ പഠിക്കുവാനും സൺഡേസ്കൂളിൽ പഠിപ്പിക്കുവാനും സാധിച്ചത് എന്നും അഭിമാനത്തോടെയാണ് ഓർക്കുന്നത്.

1980-89 കാലഘട്ടത്തിലായിരുന്നു ഞങ്ങളുടെ സൺഡേസ്കൂൾ പഠനം. ഞാലിയാകുഴി മാർ ഗ്രീഗോറിയോസ് സൺഡേസ്കൂളിൽ ഞങ്ങൾക്ക് ആത്മീയ നേതൃത്വം നൽകിയ എല്ലാ വൈദികശ്രേഷ്ഠരെയും അദ്ധ്യാപകരെയും നന്ദിപൂർവ്വം ഈ അവസരത്തിൽ ഓർക്കുന്നു. ഏതെങ്കിലും വീട്ടിൽനിന്നും കുട്ടികൾ സൺഡേസ്കൂളിൽ വരുന്നില്ലായെങ്കിൽ അങ്ങനെയുള്ളവരെ കണ്ടുപിടിച്ച് സൺഡേസ്കൂളിൽ കൊണ്ടുവരുന്നതിന് അന്നത്തെ വൈദികരും അദ്ധ്യാപകരും നിരന്തരം ശ്രദ്ധിച്ചിരുന്നു എന്നുള്ളത് പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു. അത്തരം മാതൃകകൾ ഇന്ന് വിരളമായിക്കൊണ്ടിരിക്കുന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. "ബാലൻ നടക്കേണ്ടുന്ന വഴിയിൽ അവനെ അഭ്യസിപ്പിക്ക" എന്ന തിരുവചനം അക്ഷരംപ്രതി അനുസരിച്ചുകൊണ്ട് സന്മാർഗ്ഗത്തിൽ ഞങ്ങളെ നയിക്കുന്നതിൽ ഉത്സാഹികളായിരുന്നു അന്നത്തെ അദ്ധ്യാപകർ എല്ലാവരും. ജീവിതമൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്നതിലും മറ്റുള്ളവർക്ക് മാതൃകയായി ജീവിക്കുന്നതിലും അദ്ധ്യാപകർ എല്ലാവരും ജാഗ്രത പുലർത്തിയിരുന്നു.

ഞായറാഴ്ചകളിൽ ഉച്ചയ്ക്ക് ശേഷമായിരുന്നു അന്ന് സൺഡേസ്കൂൾ ക്ലാസ്സുകൾ നടന്നിരുന്നത്. അന്നത്തെ സാഹചര്യത്തിൽ പള്ളിയിലും സൺഡേസ്കൂളിലും രണ്ടുപ്രാവശ്യം വീതം പോകുന്നതിന് ആർക്കുംതന്നെ യാതൊരു പ്രയാസവും തോന്നിയിരുന്നില്ല. ഇന്ന് ഒരു തവണതന്നെ പോകുന്നത് പ്രയാസമാണ് എന്നു പറയുന്ന ന്യൂനപക്ഷമെങ്കിലും ഉണ്ട് എന്നുള്ളത് ഒരു പരമാർത്ഥമാണ്. ഞങ്ങൾ പള്ളിയിൽനിന്നും അൽപം ദൂരെയായിരുന്നുവെങ്കിലും പത്തിരുപത് പേർ ചേർന്നുള്ളതായ 'സൺഡേസ്കൂൾ യാത്ര' ഇന്നും മനസ്സിൽ പച്ചപിടിച്ചുനിൽക്കുന്ന ഒരനുഭവമാണ്. അന്നുണ്ടായിരുന്ന വൈദിക ശ്രേഷ്ഠരും അദ്ധ്യാപകരും നൽകിയതായ പ്രോത്സാഹനവും പിന്തുണയും പ്രത്യേകം എടുത്തുപറയേണ്ടിയിരിക്കുന്നു.

പഠനത്തിനും പാഠ്യേതര പ്രവർത്തനങ്ങൾക്കും ചിട്ടയായ പരിശീലനം നൽകുന്നതിൽ അന്നത്തെ അദ്ധ്യാപകർ ബദ്ധശ്രദ്ധരായിരുന്നു. പൊതുവിജ്ഞാന പഠനത്തിന് ഞങ്ങൾക്കുവേണ്ടി ഏറെ സമയം ചെലവഴിച്ച യശ്ശശരീരനായ ചിറപ്പുറത്ത് ശ്രീ. ഏബ്രഹാം മാത്യുവിനെ (അനിയച്ചായൻ) ദൈവസന്നിധിയിൽ നന്ദിയോടെ സ്മരിക്കുന്നു. പൊതുവിജ്ഞാനത്തിന് പല വർഷങ്ങളിലും സമ്മാനങ്ങൾ നേടുവാൻ അദ്ദേഹത്തിന്റെ ക്ലാസ്സുകൾ ഏറെ സഹായകരമായിരുന്നു. ജീവിതത്തിൽ കരുതലിന്റെ പാഠം ഞങ്ങളെ പഠിപ്പിച്ചത് 'നുള്ളരി പിരിവ്' എന്ന ക്രമീകരണമായിരുന്നു. തീപ്പെട്ടികളിൽ അരി നിറച്ച് സൺഡേസ്കൂളിൽ കൊണ്ടുപോകുന്നതിന് ഉത്സാഹിച്ചിരുന്ന ആ കാലഘട്ടം ഇന്നും സ്മൃതിപഥത്തിൽ തങ്ങിനിൽക്കുന്നു.

വേദപുസ്തക വിജ്ഞാനത്തോടൊപ്പം ജീവിതമൂല്യങ്ങൾ വളർത്തിയെടുക്കുന്നതിനും സ്വഭാവരൂപീകരണത്തിനും 10 വർഷത്തെ സൺഡേ

---

*നാലുന്നാക്കൽ മാർ ഗ്രീഗോറിയോസ് പള്ളി വികാരിയാണ്. 1986ൽ പൊതുവിജ്ഞാനത്തിന് ഒന്നാം റാങ്കും 1988ൽ 9-ാം ക്ലാസ്സിൽ ഒന്നാം റാങ്കും നേടിയിട്ടുണ്ട്. 1988, 1989 വർഷങ്ങളിൽ പൊതുവിജ്ഞാനത്തിന് രണ്ടാം റാങ്ക് കരസ്ഥമാക്കി. ബഹു അച്ചന്റെ പുത്രൻ അമൽ ടോം പോൾ ഈ വർഷത്തെ സൺഡേസ്കൂൾ വിജ്ഞാനിയാണ്. പുത്രി അനുഗ്രഹ ബേബി പോൾ ഈ വർഷം ആറാം ക്ലാസ്സിൽ A+ നേടി.*


സ്കൂൾ വിദ്യാഭ്യാസം ഏറെ സഹായിച്ചു എന്ന് പറയുന്നതിൽ വളരെ സന്തോഷമുണ്ട്. റവ. ഫാ. ജോർജ് ജോൺ വലിയപുറത്തിയാട്ട്, റവ. ഫാ. ഡോ. ബിജേഷ് ഫിലിപ്പ് പുത്തൻപുരയ്ക്കൽ, ശ്രീ. സി.എ. ഏബ്രഹാം ചിറപ്പുറത്ത്, ശ്രീ. ഇ. യു. ജേക്കബ് ഈഴക്കുന്നേൽ തുടങ്ങി ജീവിത വളർച്ചയിൽ വഴിതെളിച്ച വന്ദ്യ വൈദികശ്രേഷ്ഠരുടെയും അദ്ധ്യാപകരുടെയും പ്രോത്സാഹനം എന്നും ഞങ്ങൾക്ക് കരുത്തായിരുന്നു. പരിമിതമായ അന്നത്തെ സാഹചര്യങ്ങളിലും ഞാലിയാകുഴി എം.ജി. സൺഡേസ്കൂളിനെ പാഠ്യ-പാഠ്യേതര രംഗങ്ങളിൽ പ്രമുഖസ്ഥാനത്ത് എത്തിക്കുവാൻ അന്നത്തെ അദ്ധ്യാപകസമൂഹം നിസ്വാർത്ഥമായി പരിശ്രമിച്ചിരുന്നു എന്നുള്ളത് അഭിമാനത്തോടെ ഓർക്കുന്നു.

ജീവിതത്തിൽ ലഭ്യമായിട്ടുള്ള എല്ലാ അനുഗ്രഹങ്ങളുടെയും അടിസ്ഥാനം സൺഡേസ്കൂൾ വിദ്യാഭ്യാസവും അദ്ധ്യാപകരുടെ മാതൃകാജീവിതവുമാണ്. എന്നെപ്പോലെയുള്ള അനേകരുടെ താത്പര്യവും കഴിവുകളും കണ്ടെത്തി ആ മേഖലകളിൽ ആവശ്യമായ പരിശീലനവും പ്രോത്സാഹനവും നൽകുന്നതിൽ അദ്ധ്യാപകർ എക്കാലവും ശ്രദ്ധിച്ചിരുന്നു. ജീവിതത്തിൽ പലവിധമായ പ്രതിസന്ധികളിലൂടെ കടന്നുപോകേണ്ടതായി വന്നിട്ടുള്ളപ്പോഴും പ്രത്യാശയോടെ അവയെ അഭിമുഖീകരിക്കുവാൻ സൺഡേസ്കൂളിൽനിന്ന് ലഭിച്ചതായ അനുഭവങ്ങൾ സഹായകമായിരുന്നു എന്നുള്ളത് ഏറെ കൃതജ്ഞതയോടെ ഓർക്കുന്നു. ദൈവംതമ്പുരാൻ തങ്ങൾക്ക് നൽകിയതായ സമയത്തിന്റെ നല്ലൊരുഭാഗം നിസ്വാർത്ഥതയോടെ ഭാവിതലമുറയെ ദൈവഭക്തിയിലും സന്മാർഗ്ഗനിഷ്ഠയിലും വളർത്തിക്കൊണ്ടുവരുന്നതിന് ഉത്സാഹിച്ച അദ്ധ്യാപകർ ഞങ്ങൾക്ക് എന്നും മാതൃകയായി നിലകൊള്ളുന്നു.

ഞങ്ങൾ പഠനം നിർവ്വഹിച്ചുവന്നതായ കാലഘട്ടത്തിൽനിന്നും സൺഡേസ്കൂൾ പ്രസ്ഥാനം ഇന്ന് ഏറെ പുരോഗതി നേടിയിരിക്കുന്നതിൽ അഭിമാനമുണ്ട്. കൂടുതൽ ചിട്ടയായ പ്രവർത്തനങ്ങളോടെയും പദ്ധതികളോടെയും മുന്നേറുവാൻ പ്രസ്ഥാനത്തിന് സാധിക്കട്ടെ എന്ന് ആത്മാർത്ഥമായി പ്രാർത്ഥിക്കുന്നു. സൺഡേസ്കൂൾ ഒ.വി. ബി.എസ്. പാഠ്യപദ്ധതികൾ ഇന്ന് ഏറെ ആകർഷകമായിരിക്കുന്നു. പഴയ കാലഘട്ടത്തിൽനിന്ന് വ്യത്യസ്തമായി ഇന്ന് കുട്ടികൾക്കും മാതാപിതാക്കൾക്കും സൺഡേസ്കൂൾ പഠനത്തിനുള്ള താല്പര്യം കുറഞ്ഞുപോകുന്നുണ്ടോ എന്ന് സംശയിക്കേണ്ടിയിരിക്കുന്നു. വേദപഠനത്തെക്കാൾ സെക്കുലർ പഠനത്തിന് പ്രാധാന്യം നൽകുന്ന ഈ ആധുനിക കാലഘട്ടത്തിൽ നാം ഗൗരവതരമായി ചിന്തിക്കേണ്ട ഒരു വിഷയമാണ് ഈ പിൻവാങ്ങൽ. ഭൗതിക സാഹചര്യങ്ങൾ ഭദ്രമാക്കുവാൻ ശ്രമിക്കുന്നതോടൊപ്പം, ആത്മീക അടിത്തറയും ഭദ്രമാകേണ്ടത് ആവശ്യമാണല്ലോ. ആത്മീക അടിത്തറ ഭദ്രമാകാതെ വരുന്നതിന്റെ അനന്തരഫലങ്ങളാണ് നമ്മുടെ ഭവനങ്ങളിൽ കാണപ്പെടുന്നതായ താളപ്പിഴകൾ എന്നത് നാം വിസ്മരിച്ചുകൂടാ. നമ്മുടെ ആത്മാവിനുള്ള ഭോജനമായി സൺഡേസ്കൂൾ വിദ്യാഭ്യാസത്തെ കാണുവാൻ സാധിക്കണം. ഭൗതികതയിൽ എത്ര ഉന്നതി നേടിയാലും ആത്മാവിനെ നഷ്ടപ്പെടുത്തുന്ന ഒരുവന്റെ ജീവിതം നിഷ്ഫലമാണ് എന്നാണല്ലോ തിരുവചനം നമ്മെ ഓർമ്മിപ്പിക്കുന്നത്. പരസ്പരമുള്ള കരുതലും സ്നേഹവുമെല്ലാം ജീവിതത്തിൽ ആർജ്ജിച്ചെടുക്കുന്നതിന് സൺഡേസ്കൂൾ പഠനം ഏറെ സഹായിച്ചിട്ടുണ്ട്. വെറും കളിമണ്ണായിരുന്ന ഞങ്ങളെ, ഒരു കുശവൻ പതംവരുത്തി രൂപം കൊടുത്ത് ചുട്ടെടുക്കുന്നതുപോലെ, മനോഹരങ്ങളായ പാത്രങ്ങളാക്കി മാറ്റുന്നതിന് ഞങ്ങളുടെ അദ്ധ്യാപകർ സഹിച്ചതായ ത്യാഗങ്ങൾ എക്കാലവും ഞങ്ങളുടെ സ്മരണയിൽ നിലനിൽക്കും. ഞങ്ങളെ എല്ലാവരെയും ഒരുപോലെ കരുതുവാനും സ്നേഹിക്കുവാനും അവർക്ക് സാധിച്ചിരുന്നു.

സ്വന്തം ഭവനം കഴിഞ്ഞാൽ കുഞ്ഞുങ്ങളെ വാർത്തെടുക്കുന്നതിൽ പ്രധാന പങ്കുവഹിക്കുന്ന പണിശാലയാണ് ദൈവാലയവും അതിനോട് ബന്ധപ്പെട്ട് സ്ഥിതിചെയ്യുന്ന സൺഡേസ്കൂളും എന്നുള്ള ബോധ്യം എല്ലാ മാതാപിതാക്കളിലും ഉണ്ടാകേണ്ടിയിരിക്കുന്നു. ദൈവിക കാര്യങ്ങൾക്ക് പ്രാധാന്യം നൽകുന്ന കുഞ്ഞുങ്ങൾ ഒരു കാലത്തും നിരാശപ്പെടേണ്ടിവരികയില്ല എന്നുള്ളത് അനുഭവിച്ചറിഞ്ഞിട്ടുള്ള സംഗതിയാണ്. ആയതിനാൽ കുഞ്ഞുങ്ങളെ സൺഡേസ്കൂൾ പഠനത്തിന് അയയ്ക്കുന്നതിൽ മാതാപിതാക്കൾ ശ്രദ്ധിക്കേണ്ടത് ഇന്നത്തെ കാലഘട്ടത്തിന്റെ ആവശ്യമാണ്.

പരിശുദ്ധ സഭയോട് കൂറുപുലർത്തുന്ന സഭാവിശ്വാസത്തിൽ അടിയുറച്ച് നിൽക്കുന്ന സമൂഹത്തിന് മാതൃകയാകുന്ന നല്ല കുഞ്ഞുങ്ങളെ ലോകത്തിന് പ്രദാനം ചെയ്യുവാൻ നമ്മുടെ സൺഡേസ്കൂൾ പ്രസ്ഥാനത്തിന് സാധിക്കട്ടെ. കൂടുതൽ ഉയരങ്ങളിലേക്ക് വളരുവാൻ സൺഡേസ്കൂൾ പ്രസ്ഥാനത്തിന് ഇടയാകും എന്ന ഉത്തമവിശ്വാസത്തോടെ ഇപ്രകാരം ഒരു അവസരം തന്ന എല്ലാ ചുമതലക്കാരോടുമുള്ള നന്ദി അറിയിച്ചുകൊണ്ട് നിർത്തട്ടെ. ●



# സൺഡേസ്കൂൾ മതബോധനം – ചില തിരുത്തലുകൾ അനിവാര്യം

**ഫാ. ഡോ. തോംസൺ റോബി**

**ഞാ**യറാഴ്ചകളിലുള്ള മതബോധന ക്ലാസ്സ് ഇന്ന് വളരെയധികം പ്രസക്തമാവുകയാണ്. കാരണം നമുക്ക് കൈമുതലായിരിക്കുന്നതും പുതുതലമുറയ്ക്ക് നൽകാൻ കഴിയുന്നതുമായ ഏറ്റവും വലിയ സമ്പത്ത് സത്യവിശ്വാസത്തിന്റെ പൈതൃകമാണ്. വിശ്വാസപരിശീലനം നമ്മുടെ എല്ലാ ഇടവകകളിലും ക്രമബദ്ധമായി നടത്തപ്പെടുന്നു എന്നത് പ്രശംസനീയമാണ്. എന്നാൽ ബുദ്ധിയാണ് മതപഠനത്തിന്റെ അടിസ്ഥാനം എന്നത് എങ്ങനെയോ നമ്മുടെ സൺഡേസ്കൂൾ പഠനത്തിന്റെ ചിന്തയിൽ കടന്നുകൂടിയതാണ് ഇന്നുള്ള വിശ്വാസമതപഠനത്തിന്റെ മരവിപ്പിന് കാരണം. മതബോധനം വിശ്വാസത്തിന്റെ കൈമാറ്റമാണ്. വിശ്വസിക്കുന്ന ഒരു വ്യക്തി തന്റെ വിശ്വാസത്തെപ്പറ്റി മറ്റുള്ളവർക്ക് പറഞ്ഞുകൊടുക്കുന്നതാണ്. വിശ്വാസത്തിന്റെ, പ്രത്യാശയുടെ, സ്നേഹത്തിന്റെ, വചനത്തിന്റെ, സുവിശേഷത്തിന്റെ, മൂല്യങ്ങളുടെ, ധാർമ്മികതയുടെയൊക്കെ കൈമാറ്റം നടക്കുന്ന പ്രക്രിയയാണ് ഇവിടെ നടക്കുന്നത്. ചുരുക്കത്തിൽ പീഢിതനും ക്രൂശിതനും ഉത്ഥിതനുമായ ക്രിസ്തുവിനെ കണ്ടുമുട്ടുവാൻ ഒരുവനെ സഹായിക്കുകയെന്നതാണ് സൺഡേസ്കൂൾ പഠനം

ഈ ചിന്തയിൽ നമ്മുടെ സൺഡേസ്കൂൾ പഠനം വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നുണ്ടോ എന്ന് വിലയിരുത്തുന്നത് ഫലപ്രദമായിരിക്കും. മതബോധന മേഖലയിൽ വലിയ മരവിപ്പ് ദൃശ്യമാകുന്നു എന്ന് പറയുന്നതിൽ ക്ഷമിക്കണം. മത്സരബുദ്ധിയും മാർക്കിന്റെ അടിസ്ഥാനത്തിലുള്ള വിശകലനവും (ഗ്രെയ്ഡ് ആക്കിയെങ്കിലും) ജീവിത വിശുദ്ധിയില്ലാത്ത മൂല്യപഠനവും ഇന്നിന്റെ സ്വാധീനമാണ്. കുട്ടികളെ പൊതുവെ സ്കൂൾ വിദ്യാഭ്യാസമേഖലയിലെ പിരിമുറുക്കവും പ്രതിസന്ധികളും തളർത്തുമ്പോൾ നമ്മുടെ ഞായറാഴ്ച മതപഠനമേഖല അവർക്ക് ആത്മീക മൂല്യങ്ങൾ പകർന്നുകൊടുക്കുന്നതിന് പകരം അവിടെയും മത്സരവും പഠനഭാണ്ഡവും പഠിപ്പിക്കുന്നത് കുട്ടികളെ ഇതിൽനിന്ന് അകറ്റുന്നു എന്നത് പറയാതെ വയ്യ. നമ്മുടെ മതബോധനത്തിന്റെ നിലവിലുള്ള ചില വീഴ്ചകൾ ചൂണ്ടിക്കാട്ടുവാൻ ശ്രമിക്കുന്നത് മാറ്റത്തിന് ഇടയാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**1. കാഴ്ചപ്പാടിന്റെ അഭാവം**

കുഞ്ഞുങ്ങളെ മതപരമായ കാര്യങ്ങളിലും വിശ്വാസജീവിതത്തിലും വളർത്തിക്കൊണ്ടുവരുന്നതിൽ മാതാപിതാക്കൾക്കുള്ള ഉത്തരവാദിത്വം ഇന്ന് നഷ്ടമായിരിക്കുന്നു എന്നത് പ്രഥമമായ കുറവുതന്നെയാണ്. പ്രധാനമായും മാതാപിതാക്കളുടെ ഉത്തരവാദിത്വമാണ് മക്കളുടെ ജീവിതം പ്രകാശമുള്ളതാക്കി മാറ്റുകയെന്നത്. പലരും ജീവിതത്തിൽ ദൈവത്തിനല്ല മറിച്ച് സാമ്പത്തിക മേഖലയ്ക്കായിരിക്കും പ്രഥമസ്ഥാനം കൊടുത്തിട്ടുള്ളത്. ഞായറാഴ്ച പള്ളിയിൽ പോകുന്നതിനേക്കാൾ പ്രാധാന്യം എൻട്രൻസിനും വിശ്രമത്തിനും നൽകുന്നത് സാധാരണമാണ്. ഞായറാഴ്ച കർത്താവിന് ബലിയർപ്പിച്ച് നന്ദിപറയുവാനുള്ള ദിവസമാണ്. ഇന്ന് നമ്മുടെ കുടുംബങ്ങൾ ദൈവത്തെ മഹത്വപ്പെടുത്തുവാൻ എത്രമാത്രം സമയം ചിലവഴിക്കുന്നുണ്ട് എന്ന് വിലയിരുത്തുന്നത് നല്ലതാണ്. കുട്ടികളിൽ വിശ്വാസം പകരുന്നതിൽ സൺഡേസ്കൂൾ നിസ്തുലമായ സേവനം നൽകുന്നു എന്നത് മറന്നുപോകരുത്.

കുഞ്ഞുങ്ങളെ സൺഡേസ്കൂളിൽ വിടുന്നത് എന്തെങ്കിലും പ്രതീക്ഷിച്ചായിരിക്കരുത് (സ്കൂൾ പ്രവേശനത്തിനും ഉദ്യോഗത്തിന് ഗ്രെയ്സ് മാർക്ക് മറ്റും കിട്ടുക) മറിച്ച് കുഞ്ഞിന്റെ വളർച്ചയിൽ ആത്മീക വളർച്ച ഭൗതിക വളർച്ചയോടൊപ്പം പ്രധാനപ്പെട്ടതാണ് എന്ന് മാതാപിതാക്കൾ തിരിച്ചറിയണം. വാസ്തവത്തിൽ മതബോധനത്തിന്റെ ഏറ്റവും പ്രധാനഘടകം മാതാപിതാ

*ഫാ. ഡോ. തോംസൺ റോബി*
*കോട്ടയം ബസേലിയസ് കോളേജ് ഹിസ്റ്ററി വിഭാഗം അദ്ധ്യാപകനാണ്.*

ക്കളാണ്. കുഞ്ഞുങ്ങൾ പഠിക്കുന്ന യഥാർത്ഥ പാഠപുസ്തകം മാതാപിതാക്കളുടെ ജീവിതമാണ്. ശിശുവായിരിക്കുമ്പോൾ മുതൽ ആത്മീയതയുടെ ലഘുപാഠങ്ങൾ മാതാപിതാക്കൾ പകർന്നു നൽകണം. ഇപ്രകാരം രൂപപ്പെടുത്തപ്പെട്ട കുട്ടികളെ കൂടുതൽ ബോധ്യങ്ങളിലേക്ക് വളരാൻ സൺഡേസ്കൂൾ പഠനം സഹായിക്കുന്നു. മാതാപിതാക്കളുടെ തെറ്റായ കാഴ്ചപ്പാട് മതബോധനത്തിന്റെ തളർച്ചയ്ക്ക് കാരണമാകുന്നു.

സ്കൂൾ പാഠ്യവിഷയങ്ങളിൽ എ പ്ലസ്സും മറ്റും വാങ്ങുമ്പോൾ സൺഡേസ്കൂൾ പഠനത്തിൽ വേണ്ടത്ര ശ്രദ്ധയില്ലായ്മ കണ്ടുവരുന്നു. ദൈവവിശ്വാസം നമ്മുടെ ജീവിതത്തിൽ അത്യാവശ്യമാണെന്ന ചിന്ത മാതാപിതാക്കളും ഗുരുക്കന്മാരും കുട്ടികൾക്ക് പകർന്നു നൽകണം. മാതാപിതാക്കൾക്കും ബോധവൽക്കരണം നൽകണം. കുടുംബത്തിന്റെ സുവിശേഷദൗത്യം മറന്നുപോകരുത്.

## 2. സൺഡേസ്കൂൾ അധ്യാപകരുടെ മൂല്യശോഷണം

“തടിയുടെ വളവും ആശാരിയുടെ കുഴപ്പവും” എന്ന് പറയുന്നതുപോലെ കുട്ടികളുടെ കുറവുപോലെ പഠിപ്പിക്കുന്ന അധ്യാപകരുടെ കുറവും പ്രശ്നമാണ്. വേതനമില്ലാതെയുള്ള ഈ സേവനത്തെ വളരെ ബഹുമാനത്തോടെ ആദരിക്കുന്നു. എങ്കിലും “ആശാന് ഒന്നു പിഴച്ചാൽ അമ്പത്തെട്ട് പിഴയ്ക്കും ശിഷ്യന്” എന്നാണ് പ്രമാണം. സൺഡേസ്കൂൾ അധ്യാപകന് നല്ല വിദ്യാഭ്യാസവും (സൺഡേസ്കൂൾ പ്ലസ് ടു പാസ്സായിരിക്കണം) നല്ല ജീവിതസാക്ഷ്യവും ഉള്ളവരായിരിക്കണം. ഇന്നത്തെ കാലത്ത് മതബോധന മേഖലയിൽ വേണ്ടത്ര അറിവ് ലഭിച്ച അധ്യാപകരെ കിട്ടാൻ പ്രയാസം നേരിടുന്നുണ്ട്. കഴിവുള്ളവരും ഒഴിവുള്ളവരും ഈ രംഗത്തേക്ക് കടന്നുവരാത്തവരുണ്ട്. എന്നാൽ അറിവും ഉത്തരവാദിത്വബോധവുമുള്ള അനേകർ ഈ രംഗത്ത് പ്രവർത്തിക്കുന്നു എന്നുള്ളത് വിസ്മരിക്കുന്നില്ല.

പുകവലിയില്ലാത്തവരും മദ്യപാനിയല്ലാത്തവരും ഉത്തരവാദിത്വബോധമുള്ളവരും കുടുംബത്തെ ഭംഗിയായി പാലിക്കുന്നവരും ആത്മീയ കാര്യങ്ങളിൽ ശുഷ്കാന്തിയുള്ളവരും ആയിരിക്കണം മതപഠന അധ്യാപകർ. കുട്ടികൾ, വളർന്നുവരുന്ന കുരുന്നു ചെടികൾ പോലെയാണ്. വല്ല മാടോ ആടോ വന്ന് അത് തിന്നുകളയാതെയും ചവിട്ടിമെതിക്കാതെയും കുഞ്ഞുങ്ങൾക്ക് ചുറ്റും മുള്ളുവേലിയായി ഓരോ മതാധ്യാപകനും മാറണം. അത് മനസ്സിലാക്കി കുട്ടികളെ പഠിപ്പിക്കണം. മതപഠന ക്ലാസ്സിലേക്ക് കടന്നുവരുന്ന കുട്ടികൾക്ക് ആത്മീയ പഠനാധ്യാപകന്റെ സാന്നിധ്യം ദൈവത്തിന്റെ കരസ്പർശനമായി അനുഭവപ്പെടണം. ദൈവരാജ്യത്തിന്റെ അനുഭവത്തിലേക്ക് സൺഡേസ്കൂൾ കുട്ടികളെ കൈപിടിച്ചുയർത്തണം. വിനയത്തിന്റെയും എളിമയുടെയും ഉദാഹരണമായിരിക്കണം അധ്യാപകർ. പീഠത്തിലിരിക്കുന്ന ദീപം പോലെ അവർ എല്ലാവർക്കും പ്രകാശമായിത്തീരണം. ഇത്തരത്തിലുള്ള ആത്മീയ വഴികാട്ടികളായി മാറുമ്പോഴാണ് കുട്ടികൾ അവരെ അനുസരിക്കുന്നത്.

ഇന്ന് കുട്ടികൾ മതപഠനത്തിന് വന്നുചേരാനുള്ള വിമുഖത കാട്ടുവാനുള്ള കാരണങ്ങളിൽ പ്രധാനം അധ്യാപകരുടെ മൂല്യശോഷണം തന്നെയാണ്. മതാധ്യാപകരുടെ ജീവിത മാതൃക ശ്രദ്ധിക്കപ്പെടേണ്ടതാണ്. മതാധ്യാപകർ മദ്യപിക്കുന്നവരാണെങ്കിൽ കുട്ടികൾക്ക് എന്തു മാതൃകയാണ് നൽകുന്നത്? സത്യസന്ധമായും വിശ്വാസപരമായും മാതൃകാപരമായ ജീവിതമായിരിക്കണം അധ്യാപകന്റേത്. പല ഇടവകകളിലും അധ്യാപകർ തമ്മിലുള്ള സ്വരചേർച്ചയില്ലായ്മയും ഇടവക വികാരിയുടെ പാർശ്വവർത്തികളായുള്ള പ്രവൃത്തികളും തങ്ങളുടെ വലിപ്പം പ്രകടിപ്പിക്കാനുള്ള വേദിയാക്കുന്നതും കുട്ടികളെ ഈ പഠനത്തിൽനിന്നും അകറ്റും എന്നുള്ളതിന് തെളിവാണ്. എളിമയും വിവേകവും ജീവിതവിശുദ്ധിയുമുള്ള അധ്യാപകരെ കുട്ടികൾക്ക് ഇഷ്ടമാണ്. എന്നാൽ അങ്ങനെയല്ലാത്തവർ ഈ രംഗത്തേയ്ക്ക് കടന്നുവരുന്നത് തടയപ്പെടേണ്ടതാണ്. മതപഠനാധ്യാപകൻ കുട്ടികൾക്ക് മാതൃകയുള്ളവരും ഈ ദൗത്യം ദൈവം ഏല്പിച്ചതാണെന്നും തിരിച്ചറിയണം.

## 3. പാഠ്യപദ്ധതിയുടെ അപര്യാപ്തത

ഇന്ന് നമ്മുടെ സൺഡേസ്കൂൾ പഠനബുക്കുകൾ പരിഷ്കരിച്ചു എന്നത് ശരിയാണ്. അണിയറ പ്രവർത്തകരെ അഭിനന്ദിക്കുന്നു. എന്നാൽ സൺഡേസ്കൂൾ പഠനത്തെ ഒരു വിദ്യാഭ്യാസപ്രക്രിയ മാത്രമായി കാണുന്നത് അപകടകരമാണ്. ചിലരുടെ ബുദ്ധിയുടെ വെളിച്ചത്തിൽ (cognitive Realm) ചില പാഠ്യപദ്ധതികൾ ക്രമീകരിച്ചാൽ കുട്ടികൾ പഠിക്കും എന്ന് ചിന്തിച്ചാൽ ശരിയാവില്ല. ഇത് ഒരു വിദ്യാഭ്യാസ പ്രക്രിയയായി മാത്രം കണ്ടാൽ ആഴ്ചയിലെ മറ്റുദിവസങ്ങളിൽ കുട്ടി സ്കൂളിൽ പോകുന്നതും ഞായറാഴ്ച സൺഡേസ്കൂളിൽ പോകുന്നതും തമ്മിൽ എന്ത് വ്യത്യാസം? സ്കൂളിലെപ്പോലെ പരീക്ഷയിൽ പഠിച്ചു മാർക്ക് വാങ്ങുന്നതാണ് സൺഡേസ്കൂൾ പഠനം എന്നു ചിന്തിക്കരുത്. ബുദ്ധിയിലൂടെ ലഭിച്ചത് സ്വഭാവത്തിലൂടെ പ്രകടമാക്കുമ്പോഴാണ് (Behavioural Realm)

വിശ്വാസപരിശീലനം ലക്ഷ്യപ്രാപ്തിയിലെത്തുക. മതപഠനത്തിന്റെ ലക്ഷ്യം പ്രധാനമായും ക്രിസ്തുവിനെ അറിയുക (cognitive Realm), ക്രിസ്തുവിൽ ജീവിക്കുക (Behavioural Realm), ക്രിസ്തുവിനെ പകർന്നു നൽകുക (Praxis Realm) എന്നിവയാണ്. ഇന്നത്തെ പഠനപദ്ധതിയിൽ ആദ്യത്തെ ലക്ഷ്യം (ക്രിസ്തുവിനെ അറിയാൻ പഠിപ്പിക്കുക) മാത്രമാണ് നടക്കുന്നത് എന്ന് പറയുന്നതിൽ പ്രയാസം തോന്നരുത്.

പരിഷ്കരിച്ച പുസ്തകങ്ങൾ ബുദ്ധിപരമായ ഒരു exercise മാത്രമാണ്. ഇതുതന്നെ സ്കൂളിൽ നടക്കുന്നതിനാൽ പല കുട്ടികളും മതപഠനത്തിന് വേണ്ടത്ര താല്പര്യം കാട്ടുന്നില്ല. (ഉദാ: പാഠ്യാവലിയിൽ ആശയങ്ങൾ പറഞ്ഞിട്ട് reference മാത്രം കൊടുക്കുക എന്നത് ശരിയല്ല – മറിച്ച് ബൈബിൾ വാക്യങ്ങൾ എഴുതിയാൽ കുട്ടിക്ക് അത് പ്രയോജനപ്പെടും). ലളിതമായ ഭാഷയിൽ പാഠാവലി എഴുതുകയും അവ പഠിപ്പിക്കുകയും ചെയ്യണം. ലോകത്തിലെ ഏറ്റവും വലിയ മതാധ്യാപകൻ ക്രിസ്തുവാണ്. ഉപമകളിലൂടെയും കഥകളിലൂടെയും ഉപദേശം നൽകിയ വലിയ ഗുരുവിന്റെ പാത നമുക്ക് പിന്തുടരാം. പ്രായോഗിക പാഠങ്ങൾ ഉൾക്കൊള്ളാൻ നാം തയ്യാറാകണം. വി. ബൈബിളിലെ ചിന്തകൾ പഠിപ്പിക്കണം. കൂടെ വിശുദ്ധരുടെ ജീവിതവും ഉൾക്കൊള്ളിക്കണം. അത് കഥാരൂപത്തിൽ മനസ്സിലാക്കാൻ കഴിയുന്നതാകണം. 'ബൈബിൾ പഠിപ്പിക്കുന്നില്ല' എന്ന വിമർശനം ഇപ്പോഴും നിലനിൽക്കുന്നു. ആയതിനാലാവണം നമ്മുടെ കുട്ടികൾ മറ്റു സ്ഥലങ്ങളിൽ പഠനത്തിനും ജോലിക്കുമായി പോകുമ്പോൾ അന്യമതവിഭാഗങ്ങളിലേക്ക് ചേക്കേറുന്നത്.

ക്രിസ്തുവിൽ ജീവിക്കുവാനും, ക്രിസ്തുവിനെ കാട്ടിക്കൊടുക്കുവാനും നമ്മുടെ പഠനപദ്ധതി പര്യാപ്തമാകണം. ആത്മീയ ചിന്തകളോടൊപ്പം ക്രിസ്തീയദർശനത്തിൽ നമ്മുടെ സംസ്കാരത്തെയും പഠിപ്പിക്കുവാൻ കഴിയണം. "ഒരു കൈയിൽ ബൈബിളും മറുകൈയ്യിൽ ദിനപത്രവും" എന്ന ചിന്ത ഇവിടെ അന്വർത്ഥമാണ്. പാഠ്യപദ്ധതിയുടെ ഭാഗമായി അനാഥമന്ദിരങ്ങളും മറ്റും സന്ദർശിക്കുകയും അവിടെ ചെറിയ സേവനപ്രവർത്തനങ്ങളിൽ പങ്കാളികളാകുകയും ചെയ്യുമ്പോൾ കുട്ടികൾക്ക് പുതിയ ജീവിത ദർശനം തന്നെ ലഭിക്കും. നമ്മുടെ അവധിക്കാല വെക്കേഷൻ ക്ലാസ്സുകൾ (ഒ.വി.ബി.എസ്.) പാഠ്യപദ്ധതിയും ബൈബിൾ കഥയും മറ്റും പഠിപ്പിക്കുവാനുള്ള മുഖാന്തിരം ആകണം. പാട്ടുകൾ ബുദ്ധിപരമായതാകാതെ ലാളിത്യവും കുരുന്നു ഭാവന നിറഞ്ഞതും ആകണം. ഇവിടെ പഠനം കേവലം ടെസ്റ്റ് ബുക്കിനെ മാത്രം ആശ്രയിച്ചാവരുത്. സ്വജീവിതത്തിൽ അനുഭവിച്ചറിഞ്ഞ ക്രിസ്തീയതയെയാണ് പഠിപ്പിക്കേണ്ടത്.

### 4. വിശ്വാസം ബോധ്യമാക്കുക

നമ്മുടെ വിശ്വാസ സത്യങ്ങൾ പഠിക്കുന്ന വേദികളായി ഈ പഠനമേഖല ആയിത്തീരണം (ഇല്ലെന്നല്ല, മറിച്ച് അതിനുള്ള പ്രത്യേക പഠന പദ്ധതികൾ ഉയർന്നതലങ്ങളിൽ ഉണ്ടാകണം). വിശ്വാസം ബോധ്യങ്ങളായി മാറ്റുക എന്ന ഭാരിച്ച ഉത്തരവാദിത്വം നമുക്കുണ്ട്. ബുദ്ധിയുടെ തലത്തിൽ ലഭിക്കുന്ന വിവരങ്ങൾ പ്രവർത്തനങ്ങളിലൂടെ കുട്ടികളുടെ ഉള്ളിൽ പതിയണം. സ്നേഹം, ത്യാഗം, സേവന മനോഭാവം തുടങ്ങിയ മൂല്യങ്ങൾ കുട്ടികളുടെ ഉള്ളിൽ പതിയണം. തിയറിയിൽ ഒതുങ്ങാതെ പ്രാക്ടിക്കൽ കൂടിയാവുമ്പോൾ നമ്മുടെ ഉദ്ദേശം സാധിക്കും.

ആരോഗ്യപരമായ ചർച്ചകളും സംവാദങ്ങളുമെല്ലാം ആഴമായ ബോധ്യങ്ങളിലേക്ക് കുട്ടികളെ എത്തിക്കും. ''വിശ്വാസത്തിന്റെ വേരുകൾ വീട്ടിൽനിന്നും ലഭിക്കുന്നു എങ്കിൽ അത് ജ്വലിപ്പിക്കുന്നതിൽ സൺഡേസ്കൂൾ പഠനം സഹായിക്കും" ബൈബിളിലെ സക്കായിയെപ്പോലെ (ലൂക്കൊ. 19:3–9) ഓരോ കുട്ടിയിലും സംഭവിക്കണം. കുട്ടികളെ വേദപഠനത്തിനയയ്ക്കുന്നത് ഗ്രേസ് മാർക്കിനോ സർട്ടിഫിക്കറ്റിനോ അഡ്മിഷനോ വേണ്ടി ആവരുത്. മറിച്ച് കർത്താവായ ക്രിസ്തുവിന്റെ രക്ഷ അവരിൽ ഉണ്ടാകുവാനാകണം. മതബോധനവും വിശ്വാസപഠനവേദികളും സഭയുടെ ചുമതലയും ദൗത്യവുമാണന്ന് നാം കാണണം.

### 5. കാലത്തിനൊത്ത് ഉയരാൻ കഴിയുന്നില്ല

ഇരുപതാം നൂറ്റാണ്ട് മാസ് മീഡിയായുടെ നൂറ്റാണ്ട് എന്നു വിശേഷിപ്പിക്കപ്പെടുന്നു. എന്നാൽ നമ്മുടെ സൺഡേസ്കൂൾ പദ്ധതിയിൽ നൂതനവിദ്യകൾ ഉപയോഗിച്ച് പഠിപ്പിക്കുവാൻ നമുക്ക് കഴിഞ്ഞിട്ടില്ല. A picture is worth a thousand words എന്ന ചൈനീസ് പഴമൊഴി ശ്രദ്ധേയമാണ്. നമ്മുടെ സൺഡേസ്കൂൾ പഠനം പള്ളികളിലും സൺഡേസ്കൂൾ കെട്ടിടത്തിലും അപര്യാപ്തതയുടെ നടുവിലാണ്. ബ്ലാക്ക് ബോർഡുകളോ, ആധുനിക വാർത്താവിനിമയങ്ങളോ, നല്ല ലൈബ്രറിയോ ഒന്നുമില്ല. ചുമരുകളുടെ ഉള്ളിൽ എല്ലാവരുംകൂടി ഇരുന്നുള്ള ഒരു പ്രഹസനം മാത്രം. അതുമാറണം, നമ്മുടെ സൺഡേസ്കൂൾ കുട്ടികളുടെ പഠന പ്രക്രിയയ്ക്കാവശ്യമായ എല്ലാ സൗകര്യങ്ങളും ഇടവക വികാരിയുടെയും പൊതുയോഗത്തിന്റെയും ചുമതലയിൽ നൽകു

ബോൾ മാത്രമേ ഈ പഠനപദ്ധതി കുട്ടികളെ ആകർഷിക്കുവാൻ പര്യാപ്തമാകയുള്ളൂ. കത്തോലിക്ക സഭയുടെ വാഴ്ത്തപ്പെട്ട പോൾ ആറാമൻ പാപ്പായുടെ വാക്കുകൾ ഇപ്രകാരമാണ് "മനുഷ്യന്റെ അതിവിദഗ്ധങ്ങളായ കണ്ടുപിടുത്തങ്ങൾമൂലം പ്രതിദിനമെന്നവണ്ണം പരിപുഷ്ടി പ്രാപിച്ചുകൊണ്ടിരിക്കുന്ന സുശക്തങ്ങളായ പ്രസ്തുത ഉപാധികളെ ഉപയോഗിച്ചില്ലെങ്കിൽ സഭ ദൈവത്തിന് മുൻപാകെ കുറ്റക്കാരായി സ്വയം കരുതേണ്ടിവരും" ദൃശ്യമാധ്യമങ്ങളുടെ ഉപയോഗം കുട്ടികൾക്ക് പഠിക്കുന്ന കാര്യങ്ങളിൽ താല്പര്യമുണർത്തുവാനും അവരുടെ ശ്രദ്ധയെ ആകർഷിക്കുവാനും സഹായകമാകും എന്നതിൽ സംശയം വേണ്ട. മതബോധന പ്രക്രിയയിലും ദൃശ്യ ഉപാധികൾ പ്രയോഗിക്കുവാൻ നാം വളരേണ്ടതുണ്ട്.

ഇത്തരത്തിലുള്ള പല ചിന്തകൾ നമുക്ക് ഉയർത്തിക്കാട്ടാനാകും. മാതാപിതാക്കളുടെ ശ്രദ്ധേയമായ താല്പര്യം ഈ രംഗത്തുണ്ടാകണം. അധ്യാപകർ മൂല്യബോധമുള്ളവരും ജീവിത വിശുദ്ധി കാക്കുന്നവരും ആയിരിക്കണം. നമ്മുടെ സിലബസിൽ തന്നെ ചില പൊളിച്ചെഴുത്തുകൾ അനിവാര്യമായിരിക്കുന്നു. നാലാം ക്ലാസ്സുവരെ നമസ്കാരങ്ങളും കുർബ്ബാനക്രമവും, 5 മുതൽ 7 വരെ പുതിയ നിയമവും ചുരുങ്ങിയ രീതിയിലുള്ള സഭാചരിത്രവും, 8 മുതൽ 12 വരെയുള്ള ക്ലാസ്സുകളിൽ പഴയനിയമവും വിശ്വാസപഠനവും പഠിപ്പിക്കുന്നത് ഉചിതമായിരിക്കും. സൺഡേസ്കൂൾ വിശ്വാസത്തിന്റെ പഠനവേദികളായി മാറണം. കൂടാതെ ആധുനികതയുടെ പല സങ്കേതങ്ങളും സൺഡേസ്കൂൾ പഠനരംഗത്ത് ഉപയോഗിക്കുവാൻ കഴിയണം. ഇനിയെങ്കിലും കണ്ണുതുറക്കണം. ഇന്ന് മതബോധനരംഗം പ്രതിസന്ധി നേരിടുകയാണ്. കുട്ടികളെ നമ്മുടെ സൺഡേസ്കൂൾ പഠനത്തിലേക്ക് ആകൃഷ്ടരാക്കണം. ഇതുവഴി മതബോധനം വളരെ പ്രധാനപ്പെട്ട കാര്യമാണെന്ന ചിന്ത കുട്ടികൾക്കും മാതാപിതാക്കൾക്കും അധ്യാപകർക്കും ഉണ്ടാകണം. ലോകത്തിന്റെ വെളിച്ചവും ഉപ്പും നമ്മുടെ കുഞ്ഞുങ്ങൾ ആകുവാൻ ഈ മതബോധനപഠനപദ്ധതിയിലൂടെ സാധ്യമാകട്ടെ എന്നാശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

*(ഈ ലേഖനത്തിൽ പ്രതിപാദിച്ചിരിക്കുന്ന ചില കാര്യങ്ങളോട് എഡിറ്റോറിയൽ ബോർഡിന് യോജിപ്പില്ല. ലേഖകന്റെ വ്യക്തിപരമായ അഭിപ്രായം മാത്രമാണ്. അവസാനത്തെ പാരഗ്രാഫിൽ പ്രതിപാദിച്ചിരിക്കുന്ന 'സിലബസിൽ പൊളിച്ചെഴുത്തുകൾ അനിവാര്യമായിരിക്കുന്നു' എന്ന ഭാഗത്തിൽ പ്രതിപാദിച്ചിരിക്കുന്ന എല്ലാ വിഷയങ്ങളും 1 മുതൽ 12 വരെയുള്ള പാഠപുസ്തകങ്ങളിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട് എന്ന വസ്തുത പുസ്തകങ്ങളുടെ 'ഉള്ളടക്കം' പരിശോധിച്ചാൽ കാണാവുന്നതാണ്. വിദ്യാർത്ഥിസൗഹൃദമായ രീതിയിൽ അദ്ധ്യാപന പരിചയമുള്ളവരും അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നവരുമായ ഒരു വിദഗ്ധസമിതിയാണ് പാഠ്യപദ്ധതികൾക്ക് രൂപം കൊടുത്തിട്ടുള്ളത്. സെക്കുലർ തലത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾക്കൂടി (priority) കണക്കിലെടുത്താണ് സിലബസ് പരിഷ്കരിച്ചിരിക്കുന്നത്. ഇനിയും മാറ്റങ്ങൾ ആവശ്യമാണ്. നിർദ്ദേശങ്ങൾ സ്വാഗതം ചെയ്യുന്നു. -എഡിറ്റർ)* •

## ഒരു നുറുങ്ങുകഥ

ഒരു ചിത്രകാരൻ സുന്ദരിയായ ഒരു സ്ത്രീയുടെ ചിത്രം കാൻവാസിൽ വരച്ചു. അത് ഏവർക്കും കാണാവുന്ന സ്ഥലത്ത് ഒരടിക്കുറിപ്പോടുകൂടെ പ്രദർശിപ്പിച്ചു. 'ഈ ചിത്രത്തിൽ നിങ്ങൾ കാണുന്ന ന്യൂനതകൾ അടയാളപ്പെടുത്തുക' (പെയിന്റും ബ്രഷും) സമീപത്ത് വച്ചിരുന്നു. അടുത്തദിവസം ആ ചിത്രത്തിന്റെ എല്ലാ ഭാഗവും ഓരോരുത്തർ മാർക്ക് ചെയ്ത് ചിത്രം വികൃതമാക്കി.

അതിനടുത്ത ദിവസം അതേ ചിത്രം മറ്റൊരു അടിക്കുറിപ്പോടെ അവിടെ പ്രത്യക്ഷപ്പെട്ടു. നിങ്ങൾ കണ്ട ന്യൂനതകൾ മാറ്റിവരയ്ക്കുക. പിറ്റേന്ന് ആ ചിത്രത്തിൽ ഒരു പോറൽപോലും ആരും വരുത്തിയില്ല.



ഒ.എസ്.എസ്.എ.ഇ. കൊട്ടാരക്കര
ഡി. ഇൻസ്പെക്ടർ

**അച്ചൻകുഞ്ഞ് ഒ.**

കൊട്ടാരക്കര - പുനലൂർ ഭദ്രാസന കൗൺസിൽ അംഗമായി തെരഞ്ഞെടുക്കപ്പെട്ടു. സെന്റ് ജോർജ് ഓർത്തഡോക്സ് വലിയപള്ളി ഇടവകാംഗമാണ്.

# Question Bank

## Class XI

### Unit - 1

1. ദൈവം തന്റെ ഹിതവും പ്രവൃത്തിയും വെളിപ്പെടുത്തുന്ന മാധ്യമം ഏത്? (11)
2. പ്രൊട്ടസ്റ്റന്റ് വേദപുസ്തകവും, ഓർത്തഡോക്സ് വേദപുസ്തകവും തമ്മിലുള്ള വ്യത്യാസം എന്ത്? (12)
3. സെപ്റ്റുവജിന്റ് എന്നാൽ എന്ത്? (12)
4. സെപ്റ്റുവജിന്റ് തയ്യാറാക്കുവാൻ ഉണ്ടായ സാഹചര്യം എന്ത്? (12)
5. ജാമ്നിയ കൗൺസിലിന്റെ പ്രസക്തി എന്ത്? (12)
6. ഉത്തരകാനോനിക ഗ്രന്ഥങ്ങൾ എന്നാൽ എന്ത്? ഇതിൽ ഉൾപ്പെടുത്തപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ ഏവ? (12)
7. 'പെശീത്ത' എന്നാൽ എന്ത്? (12)
8. സഭയിൽനിന്ന്, സഭയ്ക്കുവേണ്ടി, സഭയാൽ ക്രോഡീകരിക്കപ്പെട്ട പുസ്തകമാണ് വേദപുസ്തകം എന്നു പറയുവാൻ കാരണമെന്ത്? (13)
9. വേദപുസ്തകവും സഭയും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് വി. അഗസ്തീനോസിന്റെ അഭിപ്രായം എന്ത്? (13)
10. സഭയുടെ പ്രമാണങ്ങൾക്കും ആചാരങ്ങൾക്കും അടിസ്ഥാനം എന്തെല്ലാമാണെന്നാണ് ഓർത്തഡോക്സ് വീക്ഷണം? (13)
11. 'പുതിയനിയമം പഴയനിയമത്തിൽ മറഞ്ഞുകിടക്കുന്നു' ഇങ്ങനെ പറഞ്ഞതാര്? (15)
12. പഴയനിയമവും പുതിയനിയമവും തമ്മിലുള്ള ഐക്യം വിശദീകരിക്കുക (15)
13. പുതിയനിയമ എഴുത്തുകാർ പഴയനിയമ ഉദ്ധരണികൾ ഉപയോഗിക്കുവാൻ കാരണമെന്ത്? (16)
14. "നാം ന്യായപ്രമാണത്തിനല്ല കൃപയ്ക്കത്രേ അധീനരാകുന്നു" വിശദീകരിക്കുക. (16)
15. 'വിശ്വാസത്താലുള്ള നീതികരണം' എന്ന പൗലോസ് ശ്ലീഹായുടെയും അബ്രഹാമിന്റെയും ജീവിതത്തിൽ എങ്ങനെയാണ് വെളിപ്പെട്ടത്? (....)
16. ഏവൻഗേലിയോൻ എന്ന വാക്കിന്റെ അർത്ഥമെന്ത്? (18)
17. സുവിശേഷം ഒന്നേയുള്ളൂ. വിശദീകരിക്കുക (19)
18. സമവീക്ഷണ സുവിശേഷങ്ങൾ എന്നാൽ എന്ത്? (19)
19. സമവീക്ഷണ സുവിശേഷവും യോഹന്നാന്റെ സുവിശേഷവും തമ്മിലുള്ള വ്യത്യാസങ്ങൾ ഏവ? (19)
20. പൗലോസിന്റെ എല്ലാ കത്തുകളും ലഭ്യമായിട്ടില്ല എന്നു പറയുവാൻ കാരണമെന്ത്? (20)
21. അന്നത്തെ സഭകളുടെ പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിച്ചുകൊണ്ട് എഴുതിയ പൗലോസിന്റെ ലേഖനങ്ങൾ ഇന്നും പ്രസക്തമാവാൻ കാരണമെന്ത്? (20)
22. വി. കുർബ്ബാനയുടെ ആദ്യഭാഗത്തിന് രണ്ടുപേരുകളുണ്ട്. ഏതെല്ലാം? ഈ പേരുകളുടെ സാംഗത്യം എന്ത്?
23. എല്ലാ തിരുവെഴുത്തുകളുടെയും മകുടം ഏത്?(23)
24. വിശുദ്ധ കുർബ്ബാനയിൽ വചനശുശ്രൂഷയ്ക്കുള്ള പ്രാധാന്യം വിശദമാക്കുക? (23)
25. അനാഫോറ എന്നാൽ എന്ത്? (23)
26. അവതരിച്ച വചനം എന്നാൽ എന്ത്?

### Unit - 2

1. എല്ലാ മതത്തിന്റെ ഹൃദയം എന്നു വിശേഷിപ്പിക്കാവുന്നത് എന്ത്? (26)
2. 'ഓർത്തഡോക്സ് ആത്മീയത' എന്നാൽ എന്താണ് അർത്ഥമാക്കുന്നത്? (26)
3. പറുദീസയോളം എടുക്കപ്പെട്ട മനുഷ്യൻ ആര്? (26)

4. ആത്മീയതകൊണ്ട് സംബന്ധിക്കുന്ന രൂപാന്തരം തെളിയിക്കുവാൻ വി. വേദപുസ്തകത്തിൽനിന്നും മൂന്ന് സംഭവങ്ങൾ എഴുതുക? (26)
5. ദൈവീക കല്പനകളുടെ സംഗ്രഹം എന്ത്? (27)
6. ആത്മീയ പുരോഗതിക്ക് തടസ്സമായി നിൽക്കുന്നത് എന്ത്? (27)
7. ക്രൈസ്തവ സന്യാസപാരമ്പര്യവും ആത്മീയതയും തമ്മിലുള്ള ബന്ധം വിശദമാക്കുക? (27)
8. ജീസസ് പ്രയർ എന്നാൽ എന്ത്? (28)
9. ദൈവീകരണവും ദൈവാനുകരണവും തമ്മിലുള്ള വ്യത്യാസമെന്ത്? (29)
10. "ദൈവത്തിൽ വിശ്രമിക്കുന്നതുവരെ നമുക്ക് വിശ്രമമില്ല" എന്നു പറഞ്ഞതാര്? (29)
11. ഓർത്തഡോക്സ് ആരാധനാരീതി പിന്തുടരുന്ന സഭകൾ ഏവ? (30)
12. വെളിപാടു പുസ്തകത്തിലെ ഏതു വാക്യമാണ് ഓർത്തഡോക്സ് ആരാധനയ്ക്ക് അന്വർത്ഥമാകുന്നത്? (30)
13. ഓർത്തഡോക്സ് ആരാധനയിൽ ജനങ്ങളുടെ പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്. തെളിയിക്കുക (31)
14. പഞ്ചേന്ദ്രിയങ്ങളും ഭാഗഭാക്കാകുന്ന രീതിയിലാണ് ഓർത്തഡോക്സ് ആരാധനയുടെ രൂപീകരണം. തെളിയിക്കുക? (31)
15. വിശ്വാസബോധനം ആരാധനയിലൂടെയാണ് നടക്കുന്നത്. തെളിയിക്കുക (31)
16. ഓർത്തഡോക്സ് ആരാധന വേദപുസ്തകഭാഗങ്ങളാൽ..............................................
17. വി. കുർബ്ബാനയിൽ രണ്ടുരീതിയിലുള്ള മദ്ധ്യസ്ഥ പ്രാർത്ഥനകളുണ്ട്. വിശദീകരിക്കുക (32)
18. 'ക്രോയ്ത്തോദ്റൂഹോ' എന്നാൽ എന്ത്? (33)
19. ഐക്കണുകൾ എന്നാൽ എന്ത്? (33)
20. ഓർത്തഡോക്സ് ആരാധനയിൽ പരിസ്ഥിതിക്ക് പ്രാധാന്യം കൊടുക്കുന്നുണ്ട് എന്ന് കാണിക്കുവാൻ ഒരു ഉദാഹരണം എഴുതുക? (33)
21. എക്കാറാ എന്നാൽ എന്ത്? (34)
22. ക്രിസ്തീയ സഭകളുടെ മാതാവ് എന്നു വിശേഷിപ്പിക്കുന്നത് ഏതു സഭ? (37)
23. ഓർത്തഡോക്സ് ആരാധനയുടെ മകുടം ഏത്? (35)
24. ഏഴു യാമങ്ങൾ ഏവ? (36)
25. പഴയനിയമകാലത്തും ഏഴുയാമങ്ങളിലെ പ്രാർത്ഥന നിലവിലുണ്ടായിരുന്നു എന്ന് തെളിയിക്കുക? (36)
26. നോസിഡ യാമപ്രാർത്ഥനകളുടെ പ്രത്യേകതകൾ എന്ത്? (36)
27. ഓർത്തഡോക്സ് ആരാധനയുടെ നിർമ്മാണഘടകങ്ങൾ ഏവ? (37)
28. സെദ്റ, പ്രൊമിയോൻ, ഹൂസോയോ പ്രാർത്ഥന എന്നീ വാക്കുകൾ വിശദീകരിക്കുക. (37)
29. കുക്കിലിയോൻ എന്നാൽ എന്ത്? (37)
30. കുക്കിലിയോന്റെ ഘടകങ്ങൾ ഏവ?
31. ആഴ്ചയുടെ ഓരോ ദിവസത്തിനും നമ്മുടെ ആരാധനാക്രമത്തിലുള്ള പ്രത്യേകത എന്ത്? (38)
32. ധൂപാർപ്പണത്തിനുള്ള വേദപുസ്തക തെളിവുകൾ എഴുതുക? (39)
33. പെരുന്നാൾ എന്ന വാക്കിന്റെ അർത്ഥം എന്ത്? (40)
34. മോറാനായ പെരുന്നാൾ എന്നാൽ എന്ത്? അവ എങ്ങനെ ആചരിക്കണം? (40)
35. ഞായറാഴ്ച ദിവസം എങ്ങനെ ആചരിക്കണം? (41)
36. എല്ലാ ഞായറാഴ്ചയും പെരുന്നാളായി ആചരിക്കുന്നത് എന്തുകൊണ്ട്? (41)
37. പെരുന്നാളുകൾ ആചരിക്കുന്നതിന്റെ ലക്ഷ്യം എന്ത്? (41)
38. ഹൗദ് മാലാഖെ എന്ന ആരാധനാ ക്രമത്തിന്റെ പ്രത്യേകത എന്ത്? 'ഹൗദ്മാലാഖെ' ഉള്ള ചില പെരുന്നാളുകൾ എഴുതുക (43)
39. താഴെപ്പറയുന്ന പെരുന്നാളുകളുടെ പ്രത്യേക ശുശ്രൂഷകൾ ഏവ?
    യൽദോ, ദനഹാ, ക്യംതാ, പെന്തിക്കോസ്തി (42)
40. ഉയിർപ്പിന്റെ പ്രഖ്യാപനം എന്ത്? (42)

# സൺഡേസ്കൂൾ വാർത്തകൾ

## ഓർത്തഡോക്സ് വെക്കേഷൻ ബൈബിൾ സ്കൂൾ

ഒ.വി.ബി.എസ്. 2018ലേക്കുള്ള തയ്യാറെടുപ്പുകൾ കേന്ദ്രതലത്തിൽ ഭംഗിയായി പുരോഗമിക്കുന്ന വിവരം അറിയിക്കുന്നു.

2018 OVBS ലെ ചിന്താവിഷയം: **"ദൈവം നമ്മെ മനയുന്നു" (God moulds us)** (യെശയ്യ 64:8).

ഒ.വി.ബി.എസ്. 2018 പ്രവർത്തനങ്ങൾക്കുവേണ്ടി യൂണിറ്റുതലത്തിലുള്ള തയ്യാറെടുപ്പുകൾ തുടങ്ങിക്കഴിഞ്ഞിരിക്കുമല്ലോ. ആവശ്യമായ അധ്യാപകരെയും മറ്റു പ്രവർത്തകരെയും തെരഞ്ഞെടുക്കുകയും ഭദ്രാസനത്തിലേക്ക് ESO ആയി പ്രവർത്തിക്കുവാൻ യൂണിറ്റിന്റെ പ്രവർത്തകരുടെ എണ്ണത്തിന് ആനുപാതികമായി ഒന്നോ അതിലധികമോ ആളുകളെ അയയ്ക്കുകയും ചെയ്യുമല്ലോ.

ഒ.വി.ബി.എസ്സിനെക്കുറിച്ചുള്ള സന്ദേശം യൂണിറ്റുകളിലും പൊതുവെ ജനങ്ങൾക്കിടയിലും ലഭിക്കുന്നതിന് ഈ വർഷം ഒരു ഫ്ളാഷ് മോബ് ക്രമീകരിച്ചിരിക്കുന്നു. ഇതിന്റെ വീഡിയോ You Tube-ൽ ലഭ്യമാണ്. പ്രസ്തുത രീതിയിൽ ഒരു ഫ്ളാഷ് മോബ് യൂണിറ്റുകളിൽ ക്രമീകരിക്കുവാൻ ശ്രമിക്കുക (OVBS 2018 PROMO VIDEO).

2016-ൽ പുതുക്കിയ പാഠ്യപദ്ധതി അനുസരിച്ചുള്ള ക്രമീകരണങ്ങളാണ് ഒ.വി.ബി.എസ്സിനുള്ളത്. ഉദ്ഘാടനം, സമാപനം എന്നിവ ചേർത്ത് 8 ദിവസങ്ങളാണ് ഒ.വി.ബി.എസ്. പ്രവർത്തനം. ക്ലാസ്സുകൾ 6 ദിവസം മാത്രമാണുള്ളത്. ഉച്ചകഴിഞ്ഞുള്ള പ്രവർത്തനങ്ങൾ മാനുവലിൽ നൽകിയിട്ടുണ്ട്. Seeds, Roots, Buds, Leaves, Branches, Flowers, Fruits എന്നീ ഏഴ് വിഭാഗങ്ങളിലായാണ് ക്ലാസ്സുകൾ നടക്കുന്നത്. ഈ വർഷവും പുതിയ വിഷയങ്ങളാണ് ഓരോ ക്ലാസ്സുകൾക്കും ഉള്ളത്. 6 പ്രധാന വിഷയങ്ങളെ അടിസ്ഥാനമാക്കിയാണ് ഓരോ ക്ലാസ്സിലും ക്ലാസ്സുകൾ ക്രമീകരിച്ചിരിക്കുന്നത്.

ഈ വർഷം ഈസ്റ്റർ ഏപ്രിൽ ഒന്നാം തീയതി ആണല്ലോ; യൂണിറ്റിന്റെ സൗകര്യം അനുസരിച്ച് ഈസ്റ്ററിനുശേഷം ഏതു ദിവസവും ഒ.വി.ബി.എസ്. ആരംഭിക്കാവുന്നതാണ്.

## സൺഡേസ്കൂൾ വിജ്ഞാപനത്തിലെ പ്രസക്ത ഭാഗങ്ങൾ

### *സഹപാഠ്യമത്സരങ്ങളും പരീക്ഷകളും*

സഹപാഠ്യമത്സരങ്ങളെയും പരീക്ഷകളെയും സംബന്ധിക്കുന്ന ഈ വിജ്ഞാപനം സൺഡേസ്കൂൾ സ്റ്റാഫ് മീറ്റിംഗിൽ വായിക്കുകയും ബഹു. ഇടവക വികാരിക്ക് ഇതിന്റെ കോപ്പി കൊടുക്കുകയും ചെയ്യണം. എല്ലാ സ്കൂളിലും രണ്ടു കോപ്പി വീതം ലഭിച്ചു എന്ന് ബന്ധപ്പെട്ട ഡി. ഇൻസ്പെക്ടർ ഉറപ്പുവരുത്തണം.

#### A. സഹപാഠ്യ മത്സരങ്ങൾ

**മത്സര തീയതികൾ**

| | | |
|---|---|---|
| 1. | സ്കൂൾതലം | : 2018 ആഗസ്റ്റ് 26 ഞായർ |
| 2. | ഡിസ്ട്രിക്ട് തലം | : 2018 സെപ്റ്റംബർ 15 ശനി |
| 3. | ഭദ്രാസനതലം | : 2018 ഒക്ടോബർ 13 ശനി |
| 4. | സോണൽതലം | : 2018 നവംബർ 10 ശനി |
| 5. | സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ (വാഗ്മിതിലകം, ഗാനസുഗന്ധി, വിജ്ഞാനി, പ്രവീൺ) | : 2019 ജനുവരി 12 ശനി |

ഭദ്രാസന, സോണൽ മത്സരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന തീയതികളിൽതന്നെ നടത്തേണ്ടതാണ്. സ്കൂൾതലം, സ്കൂളുകളുടെ സൗകര്യം അനുസരിച്ച് നടത്താവുന്നതാണ്. ഡിസ്ട്രിക്ട്തലം, ഭദ്രാസന ഡയറക്ടറുമായി ആലോചിച്ച് മാറ്റാവുന്നതാണ്.

**മത്സരവിഭാഗങ്ങൾ**

| ക്ലാസ് | വിഭാഗം | ജനന തീയതി |
|---|---|---|
| 1 മുതൽ 10 വരെ സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ | സബ്ജൂണിയർ | 01.01.2009നോ അതിനു ശേഷമോ ജനിച്ചവർ |
| | ജൂണിയർ | 01.01.2006 മുതൽ 31.12.2008 വരെ ജനിച്ചവർ |
| | സീനിയർ | 01.01.2001 മുതൽ 31.12.2005 വരെ ജനിച്ചവർ |
| 11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ | ഹയർ സെക്കണ്ടറി | 01.01.1999 നോ അതിനുശേഷമോ ജനിച്ചവർ |

വിദ്യാർത്ഥി, പ്രായം അനുസരിച്ച് ഏതു വിഭാഗത്തിൽപ്പെടുന്നുവോ ആ വിഭാഗത്തിൽ മാത്രമേ മത്സരിക്കുവാൻ അനുവാദമുള്ളൂ.

- 11, 12 സൺഡേസ്കൂൾ ക്ലാസ്സുകളിൽ പഠിക്കുന്നവർ മാത്രമേ ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഉൾപ്പെടുകയുള്ളൂ.
- പ്രായത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കണ്ടറി വിഭാഗത്തിലുള്ളവർ മറ്റു വിഭാഗത്തിലോ മറ്റു വിഭാഗങ്ങളിലുള്ളവർ ഈ വിഭാഗത്തിലോ മത്സരിക്കുവാൻ പാടില്ല.
- ഹയർ സെക്കണ്ടറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ടുതവണ (2 വർഷം) മാത്രമേ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ.

**പ്രസംഗമത്സരം**

| വിഭാഗം | പ്രസംഗവിഷയങ്ങൾ |
|---|---|
| സബ്ജൂണിയർ | 1) ദൈവഭക്തി, 2) സത്യസന്ധത |
| ജൂണിയർ | 1) വി. കുർബ്ബാനാനുഭവം, 2) നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു (വി. മത്തായി 5:14) |
| സീനിയർ | സ്കൂൾതലം മുതൽതന്നെ 10 മിനിറ്റ് മുമ്പുമാത്രമായിരിക്കും പ്രസംഗ വിഷയം നൽകുന്നത് |
| ഹയർ സെക്കണ്ടറി | ഔഗേൻ ബാവ അനുസ്മരണ പ്രസംഗം |

**സമൂഹഗാന മത്സരം**

- 2018-ലെ മത്സരങ്ങൾക്ക് തെരഞ്ഞെടുക്കപ്പെട്ട ഗീതങ്ങൾ : 1) വി. കുർബ്ബാനക്രമം 2017 എഡിഷനിലുള്ള എല്ലാ ഗീതങ്ങളും; 2) യൽദോ ശുശ്രൂഷ; 3) മാമോദീസാശുശ്രൂഷ.
- വിലയിരുത്തൽ മാനദണ്ഡം: ശ്രുതി, ലയം, താളം, അവതരണം, ശബ്ദ ഏകീകരണം.

**വാക്യമത്സരം**

- സമയം 45 മിനിറ്റ്. 'തങ്കവാക്യ പുസ്തകം' ആദ്യത്തെ 25 വിഷയങ്ങൾ അടിസ്ഥാനമാക്കി ആയിരിക്കും ജൂണിയർ വിഭാഗത്തിൽ ചോദ്യങ്ങൾ ഉണ്ടാകുക.
- സീനിയർ വിഭാഗത്തിന് പുസ്തകം മുഴുവനും അടിസ്ഥാനമായിരിക്കും.

**പൊതുവിജ്ഞാനമത്സരം**

- സമയം 45 മിനിറ്റ്. 'പൊതുവിജ്ഞാനപഠനസഹായി' എന്ന പുസ്തകം ഒരു റഫറൻസ് പുസ്തകമായി മാത്രമേ പരിഗണിക്കാവൂ.

വാക്യമത്സരത്തിനും പൊതുവിജ്ഞാനത്തിനും അതത് മത്സരകേന്ദ്രങ്ങളിൽ ഉത്തരക്കടലാസ് പരിശോധിച്ച് ഫലം പ്രഖ്യാപിക്കണം.

## സോണൽ മത്സരങ്ങൾ

2018 നവംബർ 10-ാം തീയതി ശനിയാഴ്ച രാവിലെ 10 മണിക്ക് താഴെപ്പറയുന്ന കേന്ദ്രങ്ങളിൽവച്ച് മത്സരങ്ങൾ ആരംഭിക്കുന്നതായിരിക്കും.

**സോണുകൾ**

| സോൺ | ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ | ചീഫ് സൂപ്രണ്ടന്മാരും മത്സരം നടക്കുന്ന സ്ഥലങ്ങളും |
|---|---|---|
| 1. മലബാർ സോൺ | കുന്നംകുളം, മലബാർ, സുൽത്താൻ ബത്തേരി ഭദ്രാസനങ്ങൾ | ശ്രീ. റ്റി.കെ. പീറ്റർ ബിഷപ്പ് ഹൗസ്, ആർത്താറ്റ്, കുന്നംകുളം |
| 2. നോർത്ത് സോൺ | തൃശൂർ, കൊച്ചി, കണ്ടനാട് വെസ്റ്റ്, കണ്ടനാട് ഈസ്റ്റ്, അങ്കമാലി ഭദ്രാസനങ്ങൾ | റവ. ഫാ. യാക്കോബ് തോമസ് തൃക്കുന്നത്തു സെമിനാരി, ആലുവ |
| 3. സെൻട്രൽ സോൺ | നിരണം, കോട്ടയം, കോട്ടയം (C), ഇടുക്കി ഭദ്രാസനങ്ങൾ | ശ്രീ. ബാബു കൂടത്തിൽ എം.ജി.എം.എച്ച്.എസ്., തിരുവല്ല |
| 4. സൗത്ത് സെൻട്രൽ സോൺ | മാവേലിക്കര, ചെങ്ങന്നൂർ, തുമ്പമൺ, നിലയ്ക്കൽ ഭദ്രാസനങ്ങൾ | ശ്രീ. ഒ.എം. ഫിലിപ്പോസ് സെന്റ് മേരീസ് സീനിയർ സെക്കണ്ടറി സ്കൂൾ, റാന്നി |
| 5. സൗത്ത് സോൺ | തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര-പുനലൂർ, അടൂർ – കടമ്പനാട് ഭദ്രാസനങ്ങൾ | ശ്രീ. സന്തോഷ് ബേബി വി.എം.ഡി.എം. സെന്റർ ഇടമുളയ്ക്കൽ, ആയൂർ |

## B. പരീക്ഷകൾ

**തീയതിയും സമയവും**

| പരീക്ഷകൾ | ക്ലാസ് | തീയതി | സമയം |
|---|---|---|---|
| അർദ്ധവാർഷിക പരീക്ഷ | ക്ലാസ് I മുതൽ XII വരെ | ജൂലൈ 1 ഞായർ 2018 | 11 am - 1 pm |
| വാർഷിക പരീക്ഷ | ക്ലാസ് I മുതൽ IX വരെ | ഡിസംബർ 2 ഞായർ 2018 | 11 am - 1 pm |
| പൊതു പരീക്ഷ | ക്ലാസ് X, XI & XII | ഡിസംബർ 29 ശനി 2018 | ക്ലാസ് X: 10 am - 1 pm<br>ക്ലാസ് XI, XII: 10 am - 12 noon |
| മത്സര പരീക്ഷ | ക്ലാസ് V മുതൽ IX വരെ | ഡിസംബർ 29 ശനി 2018 | 10 am - 12 noon |

## C. പൊതുപരീക്ഷ

1. വേദപഠന സർട്ടിഫിക്കറ്റ് (ക്ലാസ് X): പത്താം ക്ലാസ്സിൽ കേന്ദ്രതലത്തിൽ നടത്തുന്ന പൊതുപരീക്ഷ വിജയിക്കുന്നവർക്ക് വേദപഠന സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്.
2. പതിനൊന്നാം ക്ലാസ്: പതിനൊന്നാം ക്ലാസ്സിൽ കേന്ദ്രതലത്തിൽ പൊതുപരീക്ഷ നടത്തി അതിൽ ലഭിക്കുന്ന മാർക്കുകൂടി വേദപ്രവീൺ ഡിപ്ലോമ(ക്ലാസ് XII)യുടെ ഗ്രേഡിന് പരിഗണിക്കുന്നതാണ്. അതുകൊണ്ട് 2018 ഡിസംബർ 29-നു നടക്കുന്ന വാർഷികപ്പരീക്ഷ എഴുതാത്ത XI-ാം ക്ലാസ് വിദ്യാർത്ഥികൾക്ക് 2019-ൽ XII-ാം ക്ലാസ് പരീക്ഷ എഴുതുവാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.
3. സൺഡേസ്കൂൾ വേദപ്രവീൺ ഡിപ്ലോമ (ക്ലാസ് XII): നാലു വയസ്സിൽ ബേത്‌ലഹേം വിഭാഗത്തിൽ ചേരുന്ന കുട്ടി പന്ത്രണ്ടാം ക്ലാസ് (താബോർ വിഭാഗം) പാസ്സാകുമ്പോഴാണ് സൺഡേസ്കൂൾ പഠനം അവസാനിക്കുന്നത്.
   - പന്ത്രണ്ടാം ക്ലാസ് പാസ്സാകുന്ന കുട്ടിക്കാണ് 'സൺഡേസ്കൂൾ വേദപ്രവീൺ' ഡിപ്ലോമ സർട്ടിഫിക്കറ്റ് ലഭിക്കുന്നത്.
   - 2018 മുതൽ XII-ാം ക്ലാസ് പരീക്ഷയ്ക്ക് ആ ക്ലാസ്സിലേക്ക് നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പുസ്തകങ്ങൾ അടിസ്ഥാനമാക്കിയായിരിക്കും പരീക്ഷ നടക്കുന്നത്.
   - ഇത് ദ്വിവത്സര കോഴ്സ് ആയതിനാൽ പ്രൈവറ്റായി ഈ പരീക്ഷ എഴുതുവാൻ താല്പര്യമുള്ളവർക്ക് ഹെഡ്മാസ്റ്ററുടെ പക്കൽ പേരുകൾ രജിസ്റ്റർ ചെയ്യുന്നതിന്റെ അടുത്തവർഷം മാത്രമേ XII-ാം ക്ലാസ് പരീക്ഷ എഴുതുവാൻ അർഹതയുണ്ടായിരിക്കുകയുള്ളൂ. പ്രൈവറ്റ് വിദ്യാർത്ഥികൾക്ക് XI, XII ക്ലാസ്സുകളിലെ പാഠഭാഗം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു പരീക്ഷ മാത്രമേ ഉണ്ടായിരിക്കുകയുള്ളൂ.

പ്രോജക്റ്റും, ഓറിയന്റേഷൻ കോഴ്സും, പതിനൊന്നാം ക്ലാസ്സിൽതന്നെ തൃപ്തികരമായി ചെയ്താൽ പന്ത്രണ്ടാം ക്ലാസിലുണ്ടാകാവുന്ന പ്രയാസങ്ങൾ ഒഴിവാക്കുവാൻ സാധിക്കും. വേദപ്രവീൺ

പരീക്ഷയ്ക്ക് അപേക്ഷിക്കുന്ന വിദ്യാർത്ഥികളുടെ പ്രോജക്ടുകൾ അതാതു ഡിസ്ട്രിക്റ്റിലെ ഇൻസ്പെക്ടർമാർ പരിശോധിച്ച് അതിന്റെ നിലവാരം ഉറപ്പുവരുത്തേണ്ടതാണ്. ഡിസ്ട്രിക്റ്റിലെ വിദ്യാർത്ഥികളുടെ പേര്, പ്രോജക്ടിന്റെ വിഷയം, വർഷം എന്നിവ രേഖപ്പെടുത്തിയ ഒരു രജിസ്റ്റർ ഇൻസ്പെക്ടർമാർ സൂക്ഷിക്കേണ്ടതാണ്. വേദപ്രവീൺ ഡിപ്ലോമ പരീക്ഷ എഴുതുവാൻ പരീക്ഷാർത്ഥിക്ക് അർഹതയുണ്ടെന്ന് ഡയറക്ടർ സാക്ഷ്യപ്പെടുത്തിയ അപേക്ഷകൾ മാത്രമേ കേന്ദ്രത്തിൽ സ്വീകരിക്കുകയുള്ളൂ.

### D. മത്സരപരീക്ഷ

V മുതൽ IX വരെയുള്ള ക്ലാസ്സുകൾക്കു മാത്രമായിരിക്കും മത്സരപ്പരീക്ഷകൾ നടത്തുന്നത്. വാർഷിക പരീക്ഷയിൽ 80 ശതമാനമോ അതിൽ കൂടുതലോ മാർക്ക് ലഭ്യമാകുകയും 60 ശതമാനം ഹാജർ ഉണ്ടാകുകയും ചെയ്യുന്നവർക്കാണ് മത്സരപ്പരീക്ഷയിൽ പങ്കെടുക്കുവാൻ അർഹതയുള്ളത്. വാർഷികപരീക്ഷയിൽ ഹാജർ സംബന്ധിച്ച് വികാരിയുമായി ആലോചിച്ച് ഹെഡ്മാസ്റ്റർക്ക് ആവശ്യമായ ഇളവു നൽകാവുന്നതാണ്. 80 ശതമാനം മാർക്കുള്ള കുട്ടികളുടെ ലിസ്റ്റ് കൊടുക്കുമ്പോൾ വാർഷികപ്പരീക്ഷയുടെ ഉത്തരക്കടലാസുകൂടി ഇൻസ്പെക്ടറെ ഏല്പിക്കേണ്ടതാണ്. ഇൻസ്പെക്ടർ ഉത്തരക്കടലാസുകൾ കണ്ട് 40 മാർക്കെങ്കിലും ഉണ്ടെന്നുറപ്പാക്കിയശേഷമാണ് മത്സരപ്പരീക്ഷയ്ക്കുള്ള ലിസ്റ്റ് തയ്യാറാക്കേണ്ടത്.



കുന്നംകുളം ഭദ്രാസനം ചേലക്കര - വടക്കാഞ്ചേരി ജില്ലാ വാർഷികപരീക്ഷാ ഉത്തരക്കടലാസുകളുടെ കേന്ദ്രീകൃത മൂല്യനിർണ്ണയം നടത്തുന്നു - 2017

**മൂന്നാം കവർപേജിൽ കാണുന്ന ? ഈ ചിഹ്നം സൂചിപ്പിക്കുന്ന ചിത്രത്തിലെ ഗുരുവും ശിഷ്യനും ആരാണ്?**

**കഴിഞ്ഞ ലക്കം ഉത്തരം**

**കോപ്റ്റിക് ഓർത്തഡോക്സ് ദൈവാലയത്തിലെ മാമോദീസാത്തൊട്ടി**



# പിന്നാമ്പുറം

***ദൈവഭക്തി, സഭാസ്നേഹം, സേവനസന്നദ്ധത.***

*സൺഡേസ്കൂൾ എംബ്ലത്തിൽ ആലേഖനം ചെയ്തിരിക്കുന്ന ഉദ്ദേശലക്ഷ്യങ്ങളാണ് ഇവ മൂന്നും. കുട്ടികളിൽ ഇവ വളർത്തിയെടുക്കേണ്ടത് അദ്ധ്യാപകരും മാതാപിതാക്കളുമാണല്ലോ? ഭക്തിയുടെ ശക്തി കുറയുന്നതല്ലാതെ കൂടുന്നില്ല. സഭാസ്നേഹം ഇന്ന് വാട്സ് ആപ്പിലും ഫേസ്ബുക്കിലും പ്രകടനങ്ങളിലും മുദ്രാവാക്യങ്ങളിലുമായി ഒതുങ്ങുന്നു. മൂല്യച്യുതി സംഭവിച്ചിരിക്കുന്നു. ഇത് ഡിസ്ട്രിക്റ്റ് വാർഷികത്തിൽ പ്രസംഗിച്ച ഒരു വിദ്യാർത്ഥിനിയുടെ പരിദേവനമാണ്. ആരാധനയ്ക്കായി നേരത്തെ വരാത്ത അദ്ധ്യാപകരെയും, തയ്യാറെടുപ്പില്ലാതെ ക്ലാസ്സിൽവന്ന് അദ്ധ്യാപനം നടത്തുന്നവരെയും, സൺഡേസ്കൂൾ പുസ്തകം സ്കൂളിൽതന്നെ സൂക്ഷിച്ചുവെയ്ക്കുകയും, അടുത്ത ആഴ്ച പഠനോദ്ദേശങ്ങൾ തൊട്ട്, ആമുഖവും അൽപം നിർത്താം..... ചിന്തിക്കാം എന്നിങ്ങനെ പുസ്തകം മുഴുവൻ വായിക്കുന്ന രീതി കുഞ്ഞുങ്ങളുടെ നിരീക്ഷണത്തിൽപ്പെടുന്നു. 2G, 3Gയിൽ തുടങ്ങി 6Gയിൽ എത്തിയിരിക്കുന്ന Generationന്റെ മുമ്പിൽ കാര്യങ്ങൾ അവതരിപ്പിക്കുന്ന അദ്ധ്യാപകന്റെ Generation Gap കുട്ടികൾ ശരിക്കും മനസ്സിലാക്കുന്നുണ്ട് എന്ന് മറക്കരുത്. പഴയ തറ, പറ എന്നു പഠിപ്പിച്ചിരുന്ന കാലം നമ്മുടെ കുഞ്ഞുങ്ങൾക്ക് അന്യമാണ്. ഇതൊക്കെ ആ കുട്ടിയുടെ പ്രസംഗത്തിലുടനീളം നിഴലിച്ചിരുന്നു എങ്കിലും ഹൃദയസ്പർശിയായ ഒരു ഗീതം അദ്ധ്യാപകൻ പഠിപ്പിച്ചത് അവളുടെ ഹൃദയത്തിൽ ആഴ്ന്നിറങ്ങിയതും അവൾ ഉരുവിട്ടു*

*"പ്രാർത്ഥിപ്പാൻ നീ നിൽക്കുമ്പോൾ<br>
സന്താപത്തോടേകാഗ്രം<br>
ചിന്തകളെ കടിഞ്ഞാണിട്ട്<br>
ചിത്തത്തിൽ നിർത്തീടേണം"*

*ചിന്തകളുടെ കടിഞ്ഞാൺ പിടിക്കുമ്പോൾ ശ്രദ്ധിക്കുക. പക്വതയോടെ, പ്രാർത്ഥനയോടെ തേരുതെളിക്കുക. മെരുക്കമില്ലാത്ത കുതിരകളെ കെട്ടിയ തേര് തെളിക്കുന്നത് പക്വതയും പാകതയും ഇല്ലാത്ത വ്യക്തിയാണെങ്കിൽ അപകടമാണ്. കുഞ്ഞുങ്ങളെ മെരുക്കിയെടുക്കേണ്ട അദ്ധ്യാപകർ തേര് തെളിക്കുന്നത് സൂക്ഷ്മതയോടെയാകട്ടെ.*

*ദി സൺഡേസ്കൂളിന്റെ വരിക്കാരായി എല്ലാ അദ്ധ്യാപകരും ചേരണം. 11, 12 ക്ലാസ്സിലെ കുട്ടികൾക്കും ലഭ്യമാക്കണം. 11-ാം ക്ലാസ്സിലെ Question Bank ഈ ലക്കത്തോടൊപ്പമുണ്ട്. നിർദ്ദേശങ്ങളും, ലേഖനങ്ങളും കഥകളും എല്ലാം സ്വാഗതം ചെയ്യുന്നു.*

*സ്നേഹാദരവുകളോടെ,*

***ജോസഫ് അലക്സാണ്ടർ***<br>
*എക്സിക്യൂട്ടീവ് എഡിറ്റർ*<br>
*email: joseph.alexander@outlook.com*